
ഫെബ്രുവരി
2019

SHALOM DHWANI
# ശാലോം ധ്വനി
ക്രൈസ്തവ പത്രം
a news wing of shalom beats media
സത്യത്തിനായി ✣ സമാധാനത്തിനായി ✣ സുവിശേഷത്തിനായി

# ഐ.പി.സി. കർണാടക സ്റ്റേറ്റ് കൺവൻഷൻ ഫെബ്രുവരി 6 ബുധനാഴ്ച മുതൽ



Pr. K.S. JOSEPH
President, IPC KS


Pr. JACOB JOHN
IPC General President


Pr. WILSON JOSEPH
IPC General Vice President


Dr. K.C. JOHN
IPC General Secretary


Pr. SAM GEORGE
Chairman IPC KS


Pr. PHILIP P. THOMAS
IPC Kerala State


Pr. SHIBU THOMAS
Oklahoma, USA


Rev. ALWIN THOMAS
Chennai


Rev. JOY K. PETER
Mangalore


Rev. ANAND LAKKA
(Telugu)

**ബെംഗളൂരു:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ (ഐപിസി) കർണാടക സ്റ്റേറ്റ് 32 മത് വാർഷിക കൺവൻഷൻ ഫെബ്രുവരി 6 ബുധനാഴ്ച മുതൽ 10 ഞായർ വരെ ഹൊറമാവ് അഗര ഐ പി സി ഹെഡ്ക്വാർട്ടേഴ്സ് ഗ്രൗണ്ടിൽ നടക്കും. ഫെബ്രുവരി 6 ബുധനാഴ്ച രാവിലെ 10ന് ശുശ്രൂഷക സമ്മേളനവും വൈകിട്ട് 6.30ന് പ്രസിഡന്റ് പാസ്റ്റർ.കെ.എസ് ജോസഫ് കൺവൻഷൻ ഉദ്ഘാടനവും ചെയ്യും. പാസ്റ്റർമാരായ വിൽസൻ ജോസഫ്, ഡോ.കെ.സി.ജോൺ, സാം ജോർജ്, ഫിലിപ്പ് പി.തോമസ്, കെ.എസ്.ജോസഫ്, ഷിബു തോമസ്, റവ. ആൽവിൻ തോമസ്, റവ.ജോയ് കെ.പീറ്റർ , ആനന്ദ് ലക്ക എന്നിവർ പ്രസംഗിക്കും. പാസ്റ്റർമാരായ ജോസ് മാത്യു, ലാൻസൻ പി.മത്തായി എന്നിവരുടെ നേതൃത്വത്തിൽ കർണാടക സ്റ്റേറ്റ് പി വൈ പി എ ക്വയർ ഗാനങ്ങൾ ആലപിക്കും. കൺവൻഷനിൽ അതിഥിയായി റവ. ആൽവിൻ തോമസിന്റെ ഗാനശുശ്രൂഷയും നടക്കും. ദിവസവും രാവിലെ 8.30 ന് ബൈബിൾ ക്ലാസ്, 10 ന് പൊതുയോഗം, വൈകിട്ട് 6 ന് സുവിശേഷ സമ്മേളനം എന്നിവ നടക്കും. 7 വ്യാഴം രാവിലെ 9 മുതൽ മിഷൻ ചലഞ്ച്, ഉച്ചയ്ക്ക് രണ്ടിന് കർണാടക ബൈബിൾ കോളേജിലെ 75 വിദ്യാർഥികളുടെ ബിരുദദാനം, 8 വെള്ളി ഉച്ചയ്ക്ക് രണ്ടിന് സോദരി സമാജം സമ്മേളനം, 9 ശനി രാവിലെ 9 ന് മിഷൻ ചലഞ്ച് ഉച്ചയ്ക്ക് രണ്ടിന് സൺഡേ സ്ക്കൂൾ പി. വൈ. പി എ വാർഷിക സമ്മേളനം എന്നിവ നടക്കും. സമാപന ദിവസമായ ഞായറാഴ്ച രാവിലെ കർണാടകയിലെ 30 ജില്ലകളിൽ നിന്നും തമിഴ്നാട് , ആന്ധ്രാ തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നും ആയിരക്കണക്കിന് ശുശ്രൂഷകരും വിശ്വാസികളും പങ്കെടുക്കുന്ന സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടക്കും. കൺവെൻഷനിൽ പങ്കെടുക്കുന്നവർക്ക് വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ജനറൽ കൺവീനർ പാസ്റ്റർ കെ .വി. ജോസ്, ജോയിന്റ് കൺവീനർമാരായ പാസ്റ്റർ സി .പി .സാം, ബ്രദർ റെജി ജോർജ്, പ്രസിഡന്റ് കെ.എസ്.ജോസഫ്, വൈസ് പ്രസിഡൻറ് പാസ്റ്റർ.ജോസ് മാത്യൂ, സെക്രട്ടറി പാസ്റ്റർ ഡോ.വർഗീസ് ഫിലിപ്പ്, ജോയിന്റ് സെക്രട്ടറി ബ്രദർ. ജോയ് പാപ്പച്ചൻ ,ട്രഷറർ പി.ഒ ശാമുവേൽ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ. വിൽസൺ തോമസ് എന്നിവർ അറിയിച്ചു.

തെലുങ്കു ഭാഷ മാത്രം അറിയുന്ന വിശ്വാസികൾക്കായി ഇക്കുറി തെലുങ്ക് ഭാഷയിൽ പ്രസംഗം ഉണ്ടായിരിക്കുമെന്നും സംഘാടകർ അറിയിച്ചു

ജനുവരി 1 മുതൽ ഫെബ്രുവരി 6 വരെ എല്ലാ ജില്ലകളിലെയും സഭകളിൽ ഉപവാസ പ്രാർഥന നടന്നു വരുന്നു.

കൺവൻഷൻ പ്രവർത്തനങ്ങൾക്ക് വിവിധ കമ്മിറ്റികളിൽ കൺവീനർമാരായി പാസ്റ്റർമാരായ ഐസക്ക് വർഗീസ്, ലാൻസൻ പി മത്തായി, കെ.പി.ജോർജ്, തോമസ് കോശി, ക്രിസ്തുദാസ്, ഏബ്രഹാം മാതൃൂ വല്യത്ത് എന്നിവരും സഹോദരന്മാരായ പി.പി.പോൾസൻ, റ്റി. ജോയ്, ബിജു എം പാറേൽ, പി.ഒ. രാജൻ, ജോസഫ് സി.റ്റി, സാലു ജി. പാറേൽ എന്നിവർ പ്രവർത്തിക്കുന്നു.

## വൈ.പി.സി.എ. കർണ്ണാടക സ്റ്റേറ്റ് രൂപീകരിച്ചു



ഹാസ്സൻ : ന്യൂ ഇന്ത്യ ദൈവസഭയുടെ പുത്രികസംഘടനയായ വൈപിസിഎ കർണ്ണാടക സ്റ്റേറ്റിന് പുതിയ നേതൃത്വം നിലവിൽ വന്നു

പാസ്റ്റർ റോയി ജോർജ് ബാഗ്ലൂർ ,പാസ്റ്റർ ചാൾസ് ജോസഫ് ബെൽഗാം, പാസ്റ്റർ സൈമൺ ചെങ്ങ്റ്റാ ,പാസ്റ്റർ യേശുദാസ് മാഗ്ലൂർ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടത്, വൈപിസിഎ കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ മനോജ് റ്റി കുര്യൻ രക്ഷാധികാരിയായി പ്രവർത്തിക്കുകയും നേതൃത്വം വഹിക്കുകയും ചെയ്യും.

സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങൾക്കായി, സിസ്റ്റർ ആശ വിനോദ് മൈസൂർ, ഫിബി മുള്ള, ബിനി എബി മാഗ്ലൂർ, നിഖിൽ പി ഡേവിഡ്, സിസ്റ്റർ ബീന മൈസൂർ തുടങ്ങിയവരും തെരഞ്ഞെടുക്കപ്പെട്ടു.

ഹാസ്സനിൽ വെച്ച് ജനുവരി 29, 30 തീയതികളിൽ ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് പാസ്റ്റേഴ്സ് കോൺഫറൻസിൽ, NICOG വൈസ് പ്രസിഡന്റ് പാസ്റ്റർ ബിജു തമ്പി ഇവരെ പരിചയപ്പെടുത്തുകയും നിലവിൽ വൈപിസിഎയുടെ പ്രവർത്തനത്തെ പറ്റി വിശദീകരിക്കുകയും, NICOG ജനറൽ പ്രസിഡന്റ് പാസ്റ്റർ വി എ തമ്പി പ്രാർത്ഥിച്ച് ആശീർവദിക്കുകയും ചെയ്തു.

NICOG കർണ്ണാടക സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ നൂറുദ്ദീൻ മുള്ള, വൈസ് പ്രസി പാസ്റ്റർ സി വി ഉമ്മൻ,സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ കെ ജി സാബു, പാസ്റ്റർ സൈലസ് മാത്യൂ ചെന്നൈ, പാസ്റ്റർ വിനോദ് ചാക്കോ, പാസ്റ്റർ ജോൺസൻ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

## 21മത് ഭാരതപ്പുഴ കൺവെൻഷൻ ഫെബ്രുവരി 14 മുതൽ 17 വരെ ഒറ്റപ്പാലം മണൽപ്പുറത്ത്.

ഒറ്റപ്പാലം : പ്രസിദ്ധമായ ഭാരതപ്പുഴ കൺവെൻഷൻ ഫെബ്രുവരി 14 വ്യാഴം മുതൽ 17 ഞായർ വരെ ഒറ്റപ്പാലം ഭാരതപ്പുഴ മണൽപ്പുറത്ത് നടക്കും. പാസ്റ്റർമാരായ അനീഷ് കാവാലം, ബി.മോനച്ചൻ, തോമസ് മാമൻ, ജെയിംസ് എം പോൾ എന്നിവർ പ്രസംഗിക്കും. ഭാരതപ്പുഴ കൺവെൻഷൻ വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. മാസ്റ്റർ സ്റ്റീവൻ സാമുവേൽ, സിസ്റ്റർ പെർസിസ് ജോൺ എന്നിവർ ഗസ്റ്റ് സിങേഴ്സായി ഗാനങ്ങൾ ആലപിക്കും. ഫെബ്രുവരി 18 വെള്ളിയാഴ്ച ഉപവാസപ്രാർതഥനയും 17 ഞായറാഴ്ച ഉച്ചയ്ക്കുശേഷം യുവജനസമ്മേളനവും നടക്കും. ദൂരെസ്ഥലങ്ങളിൽ നിന്ന് വരുന്നവർക്ക് താമസസൌകര്യം ഒരുക്കിയിട്ടുണ്ട്. തെക്കേമലബാറിലെ എറ്റവും വലിയ ആത്മീയസംഗമമായ ഭാരതപ്പുഴ കൺവെൻഷന് വിവിധഒരുക്കങ്ങൾ പൂർത്തിയായെന്ന് സംഘാടകർ അറിയിച്ചു.

# എഡിറ്റോറിയൽ



**ജോൺ എൽസദായ്**
ചീഫ് എഡിറ്റർ

2018 ഒരു ചരിത്രമായി. സമ്മിശ്രിതമായ സുഖ ദുഖങ്ങളുടെയും ജയ പരാജയങ്ങളുടെയും ഓർമ്മകൾ ബാക്കി വെച്ചിട്ടു കാലം ആരെയും കാത്തു നിൽക്കാതെ യാത്രയായി. പ്രകൃതി കലിതുള്ളി നമ്മെ ഭയപ്പെടുത്തിയ ഒരു സംവത്സരമായിരുന്നു കടന്നു പോയത്. പ്രളയക്കെടുതിയിൽ എല്ലാം നഷ്ടമായ മലയാള നാടിന്റെ ഞെട്ടൽ ഇതുവരെയും മാറിയിട്ടില്ല. ലോക രാഷ്ട്രീയത്തിൽ വന്ന വ്യതിയാനങ്ങളെയും ഇതിനിടയിൽ ഭാരത സംസ്ഥാനങ്ങളിൽ ഭരണ തലത്തിൽ ഉണ്ടായ മാറ്റങ്ങളെയും നാം സ്വീകരിച്ചു.

വിട വാങ്ങിയ വർഷം നൽകിയ അനുഭവങ്ങൾ പങ്കുവെച്ച് ചിലർ ചിരിച്ചു, ചിലർ കരഞ്ഞു, മറ്റു ചിലർ നഷ്ട സൗഭാഗ്യങ്ങളെയോർത്ത് വിലപിച്ചു . വേർപെട്ട വിശ്വാസ സമൂഹത്തിലുമുണ്ടായി വിതുമ്പൽ. വർഷാവസാന കൂട്ടായ്മകളിൽ പശ്ചാത്താപത്തിന്റെയും അനുതാപത്തിന്റെയും ഏങ്ങലടികൾ നാം കേട്ടു. കൂടുതലും കൈവിട്ടു പോയ നല്ല അവസരങ്ങളെ മുതലാക്കി ചെയ്യണ്ടത് ചെയ്തില്ല എന്നതായിരുന്നു മനസാക്ഷിയുടെ ആക്ഷേപം. ഇതിനിടയിൽ പ്രേഷികവൃത്തിയിൽ ഉണ്ടായ വിജയവും ഭൗതീക നേട്ടത്തിലുണ്ടായ മുന്നേറ്റവും സ്തോത്ര സ്വരത്തോടൊപ്പം പുറത്തു വന്നത് കേട്ടവർക്ക് ആശ്വാസമായി. ചിലർ പറഞ്ഞു 'ഇനി ഒരവസരം ലഭിക്കുന്നു എങ്കിൽ ഞാൻ കർത്തൃസന്നിധിയിൽ വിശ്വസ്തനായി രിക്കും'

ശാലോം ധ്വനിയും പുതു വർഷത്തെ ആദരവോടെ സ്വീകരിക്കുന്നു. പോയ നാളുകളിൽ ചെയ്തു തീർക്കാത്ത പലതും ബാക്കി ശേഷിക്കുന്നു. 2018 തന്ന നല്ല ചില പാഠങ്ങൾ ഞങ്ങൾക്കൊരു പ്രചോദനമാണ്. കണക്കുകൂട്ടലുകളിൽ വന്ന കൈപ്പിഴ ഇനി ആവർത്തിക്കാതെ കരുതലോടെ മുമ്പോട്ടു ചുവടു വെക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. അതിനായി കരുണാമയനോട് കൃപക്കായി യാചിക്കുന്നു.

ഈ പുതു വർഷത്തിൽ പുതിയത് ചിലത് ചെയ്യുവാൻ ശാലോം ധ്വനി ആഗ്രഹിക്കുന്നു. സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി, ദൈവ രാജ്യത്തിന്റെ വിസ്തൃതിക്കായി, ദൈവ ജനങ്ങളുടെ നന്മക്കായി, വായനക്കാരുടെ നേട്ടത്തിനായി ഈ വർഷം പ്രാർത്ഥനാ പൂർവം ചില പദ്ധതികൾക്കു ഞങ്ങൾ രൂപം കൊടുക്കുന്നു. സെമിനാറുകൾ, സംഗീതവിരുന്നു, പ്രോമോഷൻ മീറ്റിംഗ്, സഹിത്യ സദസുകൾ, സുവിശേഷത്തിന്റെ ശത്രുവായ ദുരുപദേശങ്ങൾക്കെതിരെയുള്ള സംവാദങ്ങൾ, ഇതൊക്കെയും ഞങ്ങളുടെ പ്രവർത്തന പട്ടികയിലുണ്ട്. കൂടാതെ കഴിഞ്ഞ വർഷം നടത്തിയ ഉപന്യാസ മത്സരം എഴുത്തുകാർക്കുവേണ്ടിയുള്ള സ്റ്റഡി ക്ലാസുകൾ ഇവയും പദ്ധതികളിൽ ഉൾപ്പെടുന്നു. വളരെ വ്യത്യസ്തമായ രീതിയിൽ ആധുനിക വെബ്സൈറ്റിന്റെ സഹായത്തോടുകൂടി ഒരു ബൈബിൾ ചോദ്യോത്തര പംക്തിയും ഈ വര്ഷം ആരംഭിച്ചിരിക്കുന്നു.

ഇനിയെന്ത്? ധ്വനി പതിവാക്കിയ ദൈവ ആശ്രയം തന്നെ, ഞങ്ങൾ മുൻ ലേഖങ്ങളിൽ കുത്തിക്കുറിച്ച ഒരു ദൈവ വചനം, 'നടുന്നവനും നനക്കുന്നവനും ഏതുമില്ല, വളർത്തുമാറാക്കുന്നവൻ കർത്താവാകുന്നു. വായനക്കാരുടെ അഭിപ്രായങ്ങൾ വിലപ്പെട്ടതാണ്. അനിയോജ്യമായവ അനുകരിപ്പാനും ഞങ്ങൾ തയ്യാറാണ്.

ഈ പുതുവർഷം നമുക്കേവർക്കും അനുഗ്രഹം ആകട്ടെ. യിസ്രായേലിലെ മധുര ഗായക സംഘം ഒരിക്കൽ പാടി 'അവൻ സംവത്സരങ്ങളെ തന്റെ നന്മകൊണ്ടനുഗ്രഹിക്കുന്നു, അവന്റെ പാതകൾ പുഷ്ടി പൊഴിക്കുന്നു.'

ശാലോം ധ്വനി വായനക്കാർക്ക് ഞങ്ങളുടെ നന്മ നിറഞ്ഞ പുതുവത്സരാശംസകൾ നേർന്നുകൊള്ളുന്നു.

## ഐ പി സി നിലമ്പൂർ നോർത്ത് സെന്റർ കൺവൻഷൻ

നിലമ്പൂർ: ഐ പി സി നിലമ്പൂർ നോർത്ത് സെന്റർ കൺവൻഷൻ, എടക്കര കാർമേൽ ഐ പി സി ഗ്രൗണ്ടിൽ വെച്ചു 2019 ഫെബ്രുവരി 7 വ്യാഴാഴ്ച മുതൽ 10 ഞായറാഴ്ച വരെ നടത്തപ്പെടുന്നു. ഉദ്ഘാടനം പാസ്റ്റർ മാത്യു തോമസ് (ഐ.പി.സി നിലമ്പൂർ നോർത്ത് സെൻറർ മിനിസ്റ്റർ) നിർവ്വഹിക്കും. കർത്താവിൽ പ്രസിദ്ധ സുവിശേഷ പ്രസംഗകർ പാസ്റ്റർ രാജു പുവക്കാല, ഡോക്ടർ ജോയി എബ്രഹാം (യു.സ്.എ), പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി), പാസ്റ്റർ കെ ജെ തോമസ് (കുമളി), സിസ്റ്റർ ബിൻസി തോമസ്, എന്നിവർ ദൈവ വചനത്തിൽ നിന്നും സംസാരിക്കും. ഗാനശുശ്രൂഷ ഹെവൻലി വോയിസ് നിലമ്പൂർ ഗാനങ്ങൾ ആലപിക്കും.

കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ മാത്യു തോമസ്: 9446242608,
പാസ്റ്റർ കെ ജെ ജോസഫ്: 9446159081

## ശാലോം ധ്വനി ക്രൈസ്തവ പത്രം നടത്തിയ ഉപന്യാസ രചനാ മത്സരത്തിന്റെ ഫലങ്ങൾ പ്രഖ്യാപിച്ചു.

പെന്തക്കോസ്ത് സമൂഹവും സാമൂഹിക പ്രതിബദ്ധതയും എന്ന വിഷയത്തെ ആസ്പദമാക്കി ശാലോം ധ്വനി ക്രൈസ്തവ പത്രം നടത്തിയ ഉപന്യാസ രചനാ മത്സരത്തിന്റെ ഫലങ്ങൾ പ്രഖ്യാപിച്ചു.

കാലിക പ്രസക്തമായ ഈ മത്സരത്തിലേക്ക് അനവധി രചനകളാണ് ലഭിച്ചത് , ഒന്നിനോടൊന്ന് മെച്ചമായ രചനകളാണ് ഓരോന്നും എന്ന് വിധി കർത്താക്കൾ അഭിപ്രായപ്പെട്ടു. പെന്തക്കോസ്തിന്റെ മൂല്യ ബോധത്തെയും പ്രതിബദ്ധതയെയും തൊട്ടുണർത്തിയ എഴുത്തുകൾ ചിന്തനീയവും പ്രവർത്തിപദത്തിലേക്ക് കൊണ്ടുവരേണ്ടതും ആണെന്ന് വിധി നിർണയ കമ്മറ്റി വിലയിരുത്തി . ഒന്നാം സമ്മാനം 10000 രൂപയും, രണ്ടാം സമ്മാനം 5000 രൂപയും , മൂന്നാം സമ്മാനം 2500 രൂപയും ആണ് .

മത്സര ഫലങ്ങൾ ചുവടെ ചേർക്കുന്നു.

**മലയാളം വിഭാഗം :**
1 മഞ്ജു ജോൺ
2 സുനിൽ കുമാർ പട്ടാഴി
3 മേരി ഹെലൻ പി ജെ

**ഇംഗ്ലീഷ് വിഭാഗം :**
1 മറിയം സൂസൻ ജോസഫ്
2 അക്സാ സാറാ സജി
3 ഫെബാ മാനുവൽ

## യു.പി.സി 70-ാം മത് ഡിസ്ട്രിക്ട് കൺവൻഷൻ അടൂരിൽ

അടൂർ: യുണൈറ്റഡ് പെന്തെക്കോസ്തൽ ചർച്ച് ഇൻ ഇൻഡ്യ 70-ാം മത് ഡിസ്ട്രിക്ട് കൺവൻഷനും കോൺഫ്രൻസും 2019 ഫെബ്രുവരി 7 വ്യാഴം മുതൽ 10 ഞായർ വരെ യു.പി.സി മിഷൻ കോമ്പൗണ്ട് അടൂർ വെച്ച് നടത്തപ്പെടുന്നു തുടർന്ന് അനുഗ്രഹിത ദൈവദാസന്മാർ ദൈവവചനം ശുശ്രുഷിക്കുന്നു ഗാനശുശ്രുഷ യുണൈറ്റഡ് സിംഗേഴ്സ് അടൂർ പബ്ലിസിറ്റി കൺവിനർ പാസ്റ്റർ സി.ഡി യേശുദാസ് അറിയിച്ചു.

## മിനിസ്ട്രി ഇൻ കൗൺസിലിംഗിൽ ഡോ. ജ്യോതി ജോൺസന് ഡോക്ടറേറ്റ് ലഭിച്ചു



ബെംഗളുരു: ഗാർഹിക പീഡനം അനുഭവിക്കുന്ന വിവാഹിതരായ സ്ത്രീകളുടെ പീഡനങ്ങളുടെ അനുഭവപരിചയം എന്ന വിഷയത്തിൽ സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോ. ജ്യോതി ജോൺസന് ഡോക്ടറേറ്റ് ലഭിച്ചു.

ബെംഗളുരു ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ശീലോഹാം മിനിസ്ട്രീസ് സ്ഥാപക പ്രസിഡൻറും കർണാടക യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് (കെ.യു.പി.എഫ്) സെക്രട്ടറിയുമായ റവ.ഡോ.കെ.വി. ജോൺസന്റെ ഭാര്യയാണ്. പത്തനംതിട്ട വാര്യാപുരം നിരവ്കാലായിൽ ജോൺസ് കോട്ടേജിൽ പരേതനായ ജോൺ സ്കറിയ പൊന്നമ്മ ദമ്പതികളുടെ മകളായ ജ്യോതി ജോൺസൻ എം കോം, ബിസിഎസ്, എം.എ.ഇംഗ്ലിഷ് സാഹിത്യം എന്നിവയിൽ ബിരുദം നേടിയിട്ടുണ്ട്. ബാനസവാഡി ശീലോഹാം സ്കോളേഴ്സ് സ്ക്കൂൾ പ്രിൻസിപ്പാൾ, മനുഷ്യാവകാശ കമ്മീഷൻ വനിതാ സെൽ ഉപദേശക, യുണൈറ്റഡ് പെന്തെക്കോസ്ത് ലേഡീസ് പ്രയർ ഫെലോഷിപ്പ് കർണാടക (യു പി എൽ പി എഫ്) സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു .

മക്കൾ. ഡോ. ജെമി ജോ ജോൺസൻ (ജർമനി), ജോനാഥാൻ ജോൺസൻ വർഗീസ് (യു.എസ്)

## ഹൊംഗസാന്ദ്ര ശാലോം എ.ജി. സഭ വാർഷിക കൺവെൻഷൻ



ബെംഗളൂരു : ഹൊംഗസാന്ദ്ര ശാലോം എ.ജി.സഭയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ചുള്ള വാർഷിക കൺവെൻഷൻ ഫെബ്രുവരി 23, 24 തീയതികളിൽ ഹൊംഗസാന്ദ്ര ശാലോം എ.ജി.സഭയിൽ വെച്ച് നടത്തപ്പെടും, പാസ്റ്റർ ജോണിക്കുട്ടി സെബാസ്റ്റ്യൻ (ബാംഗ്ലൂർ സൗത്ത് 2 പ്രെസ്ബിറ്റർ) പ്രാർത്ഥിച്ചു മീറ്റിംഗ് ഉത്ഘാടനം ചെയ്യും. പാസ്റ്റർ സുബാഷ് കുമരകം മുഖ്യ പ്രാസംഗികനായിരിയ്ക്കും. ശാലോം ബീറ്റ്സ് ബാംഗ്ലൂർ ഗാനശുശ്രുഷയ്ക്കു നേതൃത്വം നൽകും.

# PENTECOSTAL COMMUNITIES AND SOCIAL REPONSIBILITIES

**ESSAY COMPATITION ENGLISH 1st PRICE**

Mariam Susan Joseph



Pentecostals are followers of Jesus Christ. Pentecostals are a group of people who live by experiencing the Holy Spirit that descended on the day of Pentecost, hence called "Pentecostals". We are a community that is 'set apart' or 'separated' for God. We are the witnesses and ambassadors of Christ on this earth. Though we are a group separated for God's work, we have many social responsibilities as long as we are on earth. While Jesus lived on earth, he set us an example of living in the society fulfilling his social responsibilities according to His father's will. As followers of Christ, we ought to live in a similar way, fulfilling our social responsibilities according to God's will.

The Bible depicts a good social set up starting from the time of creation. It is clearly written about the rise of a society when its people live according to God's will and its downfall when they move astray from God. A few of the social responsibilities mentioned in the Bible are described below:

Peacemakers: The most important factor required for the stability of a society is peace among its people. As Pentecostals, we ought to be peacemakers in the society. Jesus, on the Sermon on the Mount, says "blessed are the peacemakers, for they shall be called the sons of God". Paul, in Romans 12: 18 encourage the believers to live at peace with everyone. It is our responsibility to be at peace with everyone and to avoid quarrels and strife. In Pro: 26:20 we read, "Without wood a fire goes out; without gossip a quarrel dies down". This shows that the root cause of quarrel is gossip. A gossip dies when it falls into the ears of a wise man. As Pentecostals, it is our responsibility to avoid strife and stop a gossip.

Family life: One of the main elements of a social structure is a family. Good families create a healthy society. Bible depicts the role and responsibilities of the members of a family.

Husband and wife: Bible teaches that the husband is the head of the family, just as Christ is the head of the Church. Eph: 5:22-23 depicts a detailed picture of a relationship between husband and wife where the husband should love his wife and wife must submit to her husband out of love. Jesus talks against divorce in the gospels. In Mt: 5:32, Jesus says "anyone who divorces his wife, except for marital unfaithfulness, causes her to become an adulteress, and anyone who marries the divorced woman commits adultery".

Parenting: Bible advices parents to correct their children by punishing them when needed and not provoke them into anger. In Pro: 22: 6 we read, "Train a child in the way he should go, and when he is old he will not turn from it." Pro: 23:13-14 says "Do not withhold discipline from a child; if you punish him with the rod, he will not die. Punish him with the rod and save his soul from death." Pentecostal parents should raise their children to be good citizens and responsible people of the society.

Children: Eph: 6: 1-3 says "Children, obey your parents in the Lord, for this is right. 'Honour your father and mother' – which is the first commandment with a promise – that it may go well with you and that you may enjoy long life on the earth." Bible strictly speaks against disobedience and expects children to respect and obey parents and elders. It is also the responsibility of children to take care of their parents when they are old. While Jesus was being crucified, He set this example by asking His beloved disciple, John, to take care of His mother, Mary.

These are a few of the many roles Pentecostals must play in the family. A Pentecostal family should set an example in the society by following these instructions. Thus, increase in the number of good and happy families results in the development of a healthy society.

Relationship with neighbours: The next part of a social structure is neighbours. Jesus teaches us to love our neighbours as ourselves. We should not covet our neighbours' property. As Pentecostals, we must love our neighbours and maintain a good relationship with them.

Help the poor and needy: Bible always encourage works of charity. Jesus had mercy and compassion towards the poor and downtrodden. Likewise, it is our responsibility to be kind and compassionate towards the poor and to take care of them. In Pro: 22:9 we read "A generous man will himself be blessed, for he shares his food with the poor." Pro: 21: 13 emphasises our responsibility of taking care of the poor. "If a man shuts his ears to the cry of the poor, he too will cry out and not be answered." In his epistle, James clearly instructs the believers to care for the orphans and widows. Jas: 1:27 "Religion that God our Father accepts as pure and faultless is this: to look after orphans and widows in their distress and to keep oneself from being polluted by the world." As Pentecostals, it is our responsibility to take care of them and thus contribute towards the development of a good society.

Stand against evil: Many evil acts like robbery, murder, adultery, rape, hatred and strife are the causes of an unsafe and cruel society. The Bible is clearly against such things. Gal: 5:19-21 mentions a list of evil acts that we must not do. "The acts of the sinful nature are obvious: sexual immorality, impurity and debauchery; idolatry and witchcraft; hatred, discord, jealousy, fits of rage, selfish ambition, dissensions, factions and envy; drunkenness, orgies and the like. I warn you, as I did before, that those who live like this will not inherit the kingdom of God."

Drugs and drunkenness: One of the major causes of a falling society is drug abuse. Drug abuse and drunkenness have grave consequences on our existing social systems, effecting crime rates, hospitalizations, child abuse and child neglect. We must help drugs and alcohol addicts to come out of their addictions.

Robbery: Robbery has increased to a great number in the past years. One of the Ten Commandments is "do not steal". Therefore, we must stand against it.

Murder: Murder and hatred has also increased in the past years. The root cause of murder is hatred and love for money. Bible clearly speaks against both of these. In Mt: 5:21-22, Jesus says, "You have heard that it was said to the people long ago, 'Do not murder, and anyone who murders shall be subject to judgement.' But I tell you that anyone who is angry with his brother will be subject to judgement. Again, anyone who says to his brother, 'Raca,' is answerable to the Sanhedrin. But anyone who says, 'You fool!' will be in danger of the fire of hell." Here we see that as Pentecostals, we have a greater responsibility of not only standing against murder, but also setting an example by maintaining a good relationship and peace with the brothers.

Adultery: Adultery has increased to such heights in our society that is has now been legalized. But the Bible prohibits adultery. Jesus says in Mt 5: 27-28, "You have heard that it was said, 'Do not commit adultery.' But I tell you that anyone who looks at a woman lustfully has already committed adultery with her in his heart." Pentecostals have a greater responsibility towards building a safe society by not looking at anyone lustfully. Not looking at a person lustfully will prevent eve teasing, rape and the like and thus help form a happy society.

Sexual immorality: Acts of sexual immorality like rape, pre marital sex, extramarital affairs and homosexuality that leads to the downfall of the society has become the norm. Bible strictly prohibits all of these. As Pentecostals and followers of Christ, we must not only abstain from such acts, but also speak against it instead of silently watching the rise in the number of people involved in such acts.

Stand for justice: While Jesus lived on earth, he stood for justice and supported the just case of those who could not afford to stand against the then powerful Pharisees. It is our responsibility to stand for justice. We should not be a community that sits back and judges everyone but we must stand up with the just and protect the innocent. We must raise our voices against the increasing injustice that we see around us. As Pentecostals who are assured that God is just and stands for justice, we must always strive to lessen the amount of injustice in our society.

Follow civil rules: Civil rules are set for the welfare of the society and we ought to follow it. Jesus sets an example by paying taxes, and when questioned about taxes, Jesus said "Give to Caesar what is Caesar's, and to God what is God's." These words of Jesus explain that we Pentecostals are not exempt from following the rules set by the Government that is in accordance to the will of God.

Submit to authority: The Bible says that no authority is given to man without the knowledge of God. In Rom: 13:1-2 we read, "Everyone must submit himself to the governing authorities, for there is no authority except that which God has established. The authorities that exist have been established by God. Consequently, he who rebels against the authority is rebelling against what God has instituted, and those who do so will bring judgement on themselves." From this we understand that we must voluntarily submit to our authorities. We have the responsibility to tell them if they go against God's will, but we cannot rebel against them.

Jesus said that we are the salt of the earth and light of the world. Thus, we should set an example in the society. As Pentecostals, we must make a difference in the society. It is important that we must lead a good family life, take care of the needy, stand against the evil darkness of the society and stand for justice. We ought to strive for the betterment of the society by building a good relationship with the people and making them understand the advantages of good deeds and the consequences of the evil ones. We must follow the civil rules and submit to the higher authorities. In conclusion, we must fulfil our responsibilities and strive to create a safe, healthy and better society since we are a part of this society.



# വയൽ ബന്ധവും അയൽ ബന്ധവും അന്യപ്പെട്ടുപോകുന്നുവോ ?

പാസ്റ്റർ ഷാജി ആലുവിള

ദൈവത്തിന്റെ വരദാനവും പ്രകൃതിയുടെ കരവിരുത് കൊണ്ടും ലോകത്തിൽ ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കൊച്ചു കേരളം എന്തുകൊണ്ടും പ്രശംസനീയം തന്നെ. ഹാ... എത്ര സുന്ദരം.. ഹാ എന്തു മനോഹരം നമ്മുടെ ഈ നാട്. മണ്ണിനോട് സ്നേഹം.. അല്ല പ്രേമം ആയിരുന്നു നമ്മുടെ പൂർവ്വീകർക്ക് പ്രഭാത സൂര്യന്റെ ഇളം കിരണങ്ങൾ കോടമഞ്ഞിനെ വകഞ്ഞു മാറ്റി നെൽപ്പാടങ്ങളെയും, കൃഷി തോട്ടങ്ങളെയും തൊട്ടുരുമ്മി തട്ടി ഉണർത്തുന്ന ആ കാഴ്ച എത്ര ഭംഗി ആയിരുന്നു.

അതികാലത്തെ ഉണർന്നു അരക്കപ്പ് കട്ടനും അടിച്ചു പണി ആയുധ വുമായി വയലിലോ പറമ്പിലോ പണിക്കിറങ്ങുന്ന കൃഷിക്കാർ. എട്ടു മണിക്ക് അല്പം പഴങ്ങഞ്ഞിയും കുടിച്ചു അന്തിയോളം പണിയുന്ന ആ കാഴ്ച ഇന്ന് അന്യപ്പെട്ടുപോയി. കൂലി ആയി എണ്ണി കിട്ടുന്ന ചക്രത്തുട്ടിൽ നിന്നും ഒരു ഗ്ലാസ് അന്തിക്കള്ളും കുടിച്ചു ഓലയിൽ നെയ്ത മാകുട്ടയിൽ അത്താഴത്തിന് അല്പം മീനും വാങ്ങി വീട്ടിലിലെത്തും. അത്താഴം ആകും മുൻപ് അയലത്തെ വീട്ടിലെ നിലവിളികേട്ട് അങ്ങോട്ടോടുന്നു അടുത്ത വീട്ടുകാർ. അയൽക്കാരെ കണ്ടപ്പോൾ ഇളി ഭ്യനായി നിൽക്കുന്ന വീട്ടുകാരൻ, കൂട്ടത്തി ലുള്ള തല മൂത്ത കാരണവർ, ഭാര്യയെ തല്ലിയ ആ അയൽക്കാരനെ വിളിച്ചു ഒരു ശകാരവും ഉപദേശവും കൊടുത്തു ഒരു ഗ്ലാസ് കഞ്ഞിവെള്ളവും കുടിച്ചു പോകുന്ന ആ കാഴ്ച അയൽ ബന്ധങ്ങളെ അരക്കിട്ടു ഉറപ്പിച്ചതായിരുന്നു. ഇന്ന് തമ്മിൽ കാണാൻ സാധിക്കാത്ത വിധം ഒരു തുണ്ടു വസ്തു വിൽ മൊത്തം വീടും പണിത് ചുറ്റു മതിലും കെട്ടി ഭീമൻ കവാടവും വെച്ച് റെഡിമെയ്ട് ആഹാരവും വാങ്ങി കാലം തീർക്കുന്ന അയാൽവാസികൾ. ചത്തു വീർത്തു പുഴു വരിച്ചിട്ടും അയൽക്കാരും വിദേശ മക്കളും അറിയാത്ത വാർത്ത കേൾക്കാൻ തുടങ്ങി യിട്ട് കാലം കുറെ ആയി.



സ്വർണ നിറത്തിൽ വിളഞ്ഞു കിടക്കുന്ന നെൽകതിരുകൾ. ഇളം കാറ്റിൽ തല കുനിച്ചു ആടിയുലയുമ്പോൾ ഉടയോന്റെ ഉള്ളിൽ നൂറിൽ നൂറു മേനിയും കൊയ്യുന്ന ഒരു ഭാവനയുണ്ട്. അത് കണ്ടു ഇട നെഞ്ച് ഒന്ന് തടവി വയൽ വരമ്പിലൂടെ നടന്നു നെല്ലിനോട് കൊച്ചുവാർത്തനം പറഞ്ഞു ആസ്വദിക്കും. ഇടക്ക് ഒരു കളയും കാണും. കൊയ്തെടുക്കുന്ന കറ്റ അടുക്കി ചിട്ടയോടെ വെക്കുന്ന കൊയ്ത്തുകാർ. ചില നാൾ കഴിഞ്ഞ് ചവിട്ടി മെതിക്കുവാൻ അവർ കൂടുന്നത് ഒരു കൂട്ടായ്മ ആയിരുന്നു. നാലും കൂട്ടി മുറുക്കി നീട്ടി ഒരു തുപ്പും തുപ്പി കൊയ്തുപാട്ടും പാടി മെതിച്ചെടുത്ത നെല്ലിന്റെ പതവും വാങ്ങി കൊട്ടയിൽ നിറച്ചു ഉല്ലാസത്തോടെ അവർ പോകുന്നു... വീട്ടിൽ ചെന്ന് മക്കളോട് പറയും 'എല്ല് മുറിയെ പണി ചെയ്താൽ പല്ലു മുറുകെ തിന്നാം' !

അടുത്തകൃഷിക്ക് പാടം ഒരുക്കി വിത്തിട്ടും, ഞാറു നട്ടും പിന്നെയും കൃഷിക്കാർ മടിപ്പുകൂടാതെ അധ്വാനിച്ചു തുടങ്ങും. വെള്ളം കെട്ടി നിർത്തി കാളയും കലപ്പയും കൊണ്ട് ഉഴുതി മറിച്ചും, മരമടിച്ചും നിലമൊരുക്കുന്ന ആ കാഴ്ച ഇപ്പോൾ കാണ്മാനില്ല. അരി ഉണ്ടാകുന്ന മരം എവിടെ ആണെന്ന് ഈപ്പോഴുള്ള ചില കുബേര മക്കൾ ചോദിച്ചു തുടങ്ങി. കാലം പോയ പോക്കേ.

കപ്പയും, കാച്ചിലും, ചേനയും ചേമ്പും, കിഴങ്ങും, നേന്ത്ര കുലകളും വിളഞ്ഞു നിന്നിരുന്ന കൃഷി സ്ഥലങ്ങൾ റബ്ബർ മരങ്ങൾ കീഴടക്കി. പാടത്തും പറമ്പിലും പണ കോരി ഇഞ്ചിയും, മഞ്ഞളും, എള്ളും, പഞ്ഞിപുല്ലുമൊക്കെ ഇട്ടു വിളവെടുപ്പ് നടത്തിയ ആ കാലം മായം ചേരാത്ത ധാന്യങ്ങളുടെ കാലഘട്ടം ആയിരുന്നു. ഇന്ന് എല്ലാം അന്യപ്പെട്ടു പോകുന്നു. മായം ചേർന്നതും ഗുണമേന്മ ഇല്ലാത്തതും അതീവ ഗുരുതര രോഗം പിടിക്കുന്നതുമായ പച്ചക്കറികളും ആഹാരവസ്തുക്കളും നമ്മെ ഇപ്പോൾ പിടിച്ചടക്കി. കൂട്ടത്തിൽ കുറെ അന്യ സംസ്ഥാന തൊഴിലാളി കളും.

മനുഷ്യർക്ക് മണ്ണിനോട് ഉള്ള പ്രണയം പോയി, അദ്ധ്വാന ശീലം കുറഞ്ഞു, അലസരായി തുടങ്ങിയപ്പോൾ രോഗികളായും നമ്മൾ തീർന്നു. ഇതുപോലെ അല്ലെ അയൽ ബന്ധങ്ങളും, അല്ല നമ്മുടെ ഇടയിൽ രക്ത ബന്ധം പോലും അകന്നു പോയില്ലേ? മണ്ണിനോട് മല്ലടിക്കുന്നവൻ ആണ് മന്നൻ. അതുപോലെ ബന്ധങ്ങളെ കാത്തു സൂക്ഷിക്കുന്നവർ ആണ് ബന്ധുക്കൾ. ഒരു ഇഞ്ചു വസ്തുവിന് വേണ്ടി ബന്ധങ്ങൾ വെട്ടി മുറിച്ച എത്രയോ പേർ വിലക്ക് കല്പിച്ചു പിരിഞ്ഞു പോയി. വിശേഷപ്പെട്ട നാളുക ളിൽ ഉണ്ടാക്കുന്ന കറിയും ചോറും, പാൽ പായസമൊക്കെ പരസ്പരം പകർന്നു കൊടുക്കുന്ന ആ അയൽ ബന്ധം ഇന്നില്ല. കോഴി കറിയും, ഇറച്ചിക്കറിയും വെച്ചാൽ അമ്മ ഒരു കൊച്ചു പാത്രത്തിൽ എടുത്ത് അയലത്തും കൊടുക്കുന്ന ആ സ്നേഹം ഇപ്പോൾ ഓർക്കാൻ മാത്രമേ ഒക്കു. ഇന്ന് ആരും ആർക്കും കടപ്പെട്ടവരല്ല. വറ്റൽ മുളക് എണ്ണിയും, വെളിച്ചെണ്ണ തവിയിൽ അളന്നും, മണ്ണെണ്ണ ഒരു കൊച്ചു കുപ്പിയിലു മൊക്കെ ആയി തിരിച്ചുകൊടുക്കാം എന്നു പറഞ്ഞു വാങ്ങിയ ഒരു കാലം ഒപ്പം നാഴൂരി അരിയും. എല്ലാം പോയി.. തിരികെ വരാതെ ആ കാലവും ആൾക്കാരും.

ആ നല്ല കാലം ഇപ്പോഴത്തെ തലമുറയ്ക്ക് അറിയില്ല. കാരണം ഇന്നത്തെ പുതു പുത്തൻ പണത്തിന്റെ മുകളിൽ പഴയതോ ർക്കാൻ ആർക്കും സമയം ഇല്ല. മാത്രമല്ല കാച്ചിൽ പോലും തിരിച്ചറിയാത്ത കുറെ പഴയ ജന്മങ്ങൾ പണവും പാണ്ഡിത്യവും കൂടിയപ്പോൾ അൽപൻമാർ ആയതും മറ്റൊരു കാരണമായി. വയലുകൾ വെറുതെ പായലും കളയും മൂടി നശിച്ചു കിടക്കുന്നു കൃഷി ചെയ്യാതെ... അതുപോലെ അയൽബന്ധങ്ങളും അറ്റുപോകുന്നു മനുഷ്യരിൽ നിന്നും...

ദൈവത്തിന്റെ സ്വന്തം നാടാണ് എന്ന് ഇപ്പോൾ പറയണ്ട കാരണം ദൈവീകഭക്തിയും ഭയവും കുറഞ്ഞു, വഴിവിട്ട ബന്ധവും അധാർമികതയും കൂടിയത് മൂലം ക്രൂരതയും കൂടി. ദൈവം നമ്മെ കൈവിട്ടുകളയുന്ന രീതിയിൽ കേരളം പോകുന്നു. ഈ അവസ്ഥ മാറണം. അതിനായി നമുക്ക് ഉണരാം. പ്രാർത്ഥിക്കാം. പ്രവർത്തിക്കാം.... അയൽ ബന്ധവും വയൽ ബന്ധവും കാത്തു സൂക്ഷിക്കാം.... നല്ലൊരു നാളക്കായി......

## കവിത



സിഞ്ചു മാത്യു

### മാറുന്ന ലോകം മാറാത്ത നാഥൻ

പാഴും ശൂന്യമാം ഭൂമിയെ നിറച്ചവനേ
മനുജനേത്രങ്ങൾക്കതീതമാം നിൻ സൃഷ്ടിയെ
എൻ നാവാൽ എങ്ങനെ വർണ്ണിപ്പതേ
ഹാ! എത്ര സുന്ദരം അവർണ്ണനീയം!
അനാദികാലം മുതൽ തൻ സ്വപ്നത്തിൽ
നിന്നെയും കണ്ട നാഥനെ നീ ഓർക്കുക
ഇരുളും വെളിച്ചവും വേർതിരിച്ചതു പോൽ
പാപത്തെ നിന്നിൽ നിന്ന് വേർതിരിച്ചിടുന്നു
കാലങ്ങൾ മാറി കോലങ്ങൾ മാറി
കാലക്കേടെന്നു ലോകം വിധിക്കുമ്പോൾ
കാലകാലന്തരങ്ങളെ
വേർതിരിച്ചവൻ വിധിപ്പാൻ വരുന്നു

അലറുന്ന സിംഹമായി സാത്താൻ
വിഴുങ്ങുവാൻ വന്നിടുമ്പോൾ
യഹൂദാഗോത്രത്തിൻ സിംഹമായവൻ
തൻ ഭുജത്താൽ മാറോടണച്ചിടുന്നു
നശ്വരമാം ലോകത്തെ മോഹിച്ചാൽ
ശാശ്വതമാം ലോകം നഷ്ടമായിടും
മനുജാ നീ ഓടുവതെങ്ങോട്ട് ?
നിൻ ഓട്ടം ഹാ! എത്ര വ്യർത്ഥം
നീലാകാശത്തിൻ നീലിമയെന്ന പോൽ
അനന്തമാം നാഥന്റെ സ്നേഹം ഓർത്തിടുമ്പോൾ
പാപപങ്കിലമാം ലോകത്തെ മായയെന്നെണ്ണി
മാറാത്ത നാഥനെ ദിനവും സ്തുതിച്ചീടുക



# പാറു കാക്കയുടെ തിരിച്ചറിവ്

**ജോ ഐസക്ക് കുളങ്ങര**
എഡിറ്റർ ഇൻ ചാർജ്
ശാലോം ധ്വനി

കാടും മേടും ആഘോഷ പരിപൂർണമാക്കിയ ആ പക്ഷി സമ്മേളനത്തിൽ പാറു കാക്ക മാത്രം അതീവ ദുഃഖിത ആയിരുന്നു. എല്ലാ പക്ഷികളും ഒത്തുകൂടിയ ആ സമ്മേളനത്തിൽ നിരവധി മേഖലയിൽ കഴിവ് നേടിയ പല പക്ഷികളെ ആദരിച്ചു. ഏറ്റവും ഉയരത്തിൽ പറന്ന് ലോക റെക്കോർഡ് സ്ഥാപിച്ച കഴുകനും, മികച്ച ഗായികയായി വർഷങ്ങളായി ഒന്നാം സ്ഥാനം ലഭിച്ചുവരുന്ന കുയിലമ്മയും, അങ്ങനെ നിരവധി സമ്മാനങ്ങൾ നേടിയെടുത്ത പലരേയും കണ്ട് പാറു കാക്ക ഉള്ളിൽ വിഷമം കടിച്ചമർത്തി. തനിക്ക് ഒരു കഴിവും ഇല്ല, കാണാനും സൗന്ദര്യം ഇല്ല, എല്ലാവരാലും ആട്ടിപ്പായിക്കപ്പെടുന്നു. ഇവയെല്ലാം ആയിരുന്നു തന്നെ അലട്ടുന്ന പ്രശ്നം.

എന്നാൽ എപ്പോളും വളരെ സന്തോഷവതി ആയിരുന്ന പാറു കാക്ക വളരെ വിഷമിച്ചിരിക്കുന്നത് മിട്ടു തത്ത കണ്ടു.

'എന്താ പാറുവമ്മേ?' മിട്ടു തത്ത കാര്യം ചോദിച്ചറിഞ്ഞു. നിറ കണ്ണുകളോടെ പാറുകാക്ക തന്റെ വിഷമങ്ങളെ മിട്ടു തത്തയുടെ മുൻപിൽ അവതരിച്ചു.എല്ലാം കേട്ട ശേഷം മിട്ടു തത്ത ഇങ്ങനെ പറഞ്ഞു 'ഇത്രേം വലിയ ആഘോഷം ഇവിടെ നടക്കുമ്പോൾ ഞാൻ എന്താ അത് കഴിയും മുൻപേ ഇറങ്ങി പോകുന്നത് എന്നു നിനക്ക് അറിയാമോ? തീരും വരെ പങ്കെടുക്കണം എന്ന് ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. എനിക്ക് എന്റെ യജമാനൻ അനുവദിച്ച സമയത്തിനുള്ളിൽ തിരികെ ചെല്ലണം'.

'വളരെ അധികം സ്വാതന്ത്ര്യത്തോട് കൂടി പാറി പറന്നു പാട്ടും പാടി നടന്നിരുന്ന ഞാൻ ഒരിക്കൽ പാടത്തുകൂടി വരികയായിരുന്നു. അപ്പോൾ ഒരു മനുഷ്യൻ എന്റെ അരികെ വരുകയും എനിക്ക് ആഹാരം തരുകയും ഉണ്ടായി. ആദ്യം ഭയം ഒക്കെ തോന്നിയെങ്കിലും എന്നെ കാണുവാൻ നല്ല അഴകും, എന്റെ ശബ്ദങ്ങളുടെ ഇമ്പം വളരെ മനോഹരമായതും ആണ് എന്ന് എന്നോട് പറഞ്ഞു.' മിട്ടു തത്തതുടർന്നു.... 'ആ വാക്കുകളിൽ സ്വയം മറന്ന ഞാൻ അയാളോടൊപ്പം തന്റെ വീട്ടിലേക്ക് പോയി

ചെന്ന പാടെ എന്നോട് സൗമ്യമായി പെരുമാറിയ ആ മനുഷ്യൻ എന്നെ പിടിച്ചു ഒരു കൂട്ടിലാക്കി. അവിടെ അവസാനിച്ചു എന്റെ സ്വാതന്ത്രം. ആദ്യം ഒകെ കൃത്യമായി ആഹാരം തരുമെങ്കിലും പിന്നെ അത് ഇടക്കിടെ മുടങ്ങി തുടങ്ങി. ഇഷ്ടം പോലെ പറന്ന് തിന്നുവാൻ എനിക്ക് കഴിയാതെ ആയി. എന്റെ സൗന്ദര്യത്തിലും നിറത്തിലും സ്വയം അഹങ്കരിച്ച എനിക്ക് പറ്റിയ ഈ അനുഭവം മറ്റാർക്കും ഉണ്ടാകാതെ ഇരിക്കട്ടെ എന്നു ഞാൻ ഇപ്പോൾ പ്രാർഥിക്കുകയാണ്'.

'ഒന്ന് ഓർക്കു ഈ ലോകത്ത് നമുക്ക് ഒന്നും ലഭിച്ചില്ലെങ്കിലും സ്വതന്ത്രയായി ജീവിക്കുവാൻ കഴിയുന്നു എങ്കിൽ അത് അല്ലെ ജീവിതത്തിൽ ഏറ്റവും വലിയ ഭാഗ്യവും അംഗീകാരവും. നമ്മുടെ ആഗ്രഹങ്ങൾ, ചിന്തകൾ നമ്മൾ നേടി എടുക്കുക എന്നതിനെക്കാൾ മറ്റേതു പ്രശംസയാണ് നമുക്ക് വേണ്ടത്. ഇത്രയും പറഞ്ഞു മിട്ടു തത്ത അവിടെ നിന്നും പറന്ന് അകന്നു..

പ്രിയ മിട്ടു തത്തയുടെ വാക്കുകൾ പാറു കാക്കയെ വല്ലാതെ ചിന്തിപ്പിച്ചു. ശരിയാണ് എനിക്ക് സൗന്ദര്യമോ എടുത്തു പറയത്തക്ക കഴിവോ ഇല്ലങ്കിലും ഞാൻ സ്വതന്ത്രയാണ്... എനിക്ക് പരിശ്രമിച്ചാൽ എന്തും നേടിയെടുക്കാൻ കഴിയും എന്ന ആത്മവിശ്വാസത്തോടെ പാറു കാക്ക പുഞ്ചിരിച്ചു...

സുഖകരം എന്ന് കണ്ട് പലതിലേക്കും നാം അറിയാതെ എടുത്ത് ചാടുമ്പോൾ ഒരു പക്ഷെ നമ്മെ കാത്തിരിക്കുന്നത് ഒരു അടിമത്വം ആയിരിക്കും അതുമല്ലെങ്കിൽ നമുക്ക് നഷ്ടപ്പെടുന്നത് നമ്മുടെ സ്വാതന്ത്ര്യം തന്നെ ആയിരിക്കും.. ഒരു പക്ഷെ ആ മിട്ടു തത്തയുടെ അവസ്ഥയിലായിരിയ്ക്കും അവസാനിക്കുക എന്ന തിരിച്ചറിവോടെ പാറു കാക്ക അവിടുന്നു പറന്നകന്നു...

നമ്മുടെ കഴിവുകളിൽ നമുക്ക് തന്നെ വിശ്വാസം ഉണ്ടാകട്ടെ. അനന്ത സാധ്യതകളുടെ ഈ വലിയ നീലകാശത്തിൽ നമുക്കും പറന്നുയരാം,

ബന്ധനങ്ങളുടെ അതിർവരമ്പുകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ടു പുതിയൊരു ആകാശ വിതാനം മുന്നിൽ കണ്ട്...



# മദ്യ നിയമം, ദുരഭിമാനം, പ്രളയം തുടങ്ങി 2018 ന്റെ ചില സ്മാർത്ത വിചാരങ്ങൾ

-സാം തെള്ളിയൂർ-

കേരള സമൂഹത്തെ അല്പമല്ലാത്ത രീതിയിൽ പുനർവിചാരത്തിനും ആത്മാവലോകനത്തിനും ഇടവരുത്തിയ ചില സംഭവങ്ങൾ ഇക്കഴിഞ്ഞ മാസങ്ങളിൽ വാർത്താമാധ്യമങ്ങളിലൂടെയും അല്ലാതെയും നാം കേട്ടു. ഒരു ഭാഗത്ത് രാഷ്ട്രീയ നേതൃത്വം ആരോടും എന്തിനോടും അല്പംപോലും ധാർമ്മികബോധം പുലർത്താതെ തങ്ങളെ ഉത്തരവാദിത്തമേൽപ്പിച്ച ജനങ്ങളെ പരിഹസിക്കുന്നവിധം ഭരണം കൈയ്യാളുന്നു. കേന്ദ്രത്തെക്കാൾ നമ്മൾ മെച്ചം, ഇതര സംസ്ഥാനങ്ങളെക്കാൾ നമുക്ക് ശാന്തത, മറ്റുള്ളിടത്തേക്കാൾ മതമൈത്രിയും മാനവികതയും നമ്മുടെ തനതു ശൈലി എന്നൊക്കെ നാം ആശ്വസിച്ചിരിക്കുകയായിരിക്കാം. എന്നാൽ നമ്മെ പതിവില്ലാതെ അസ്വസ്ഥ തപ്പെടുത്തുന്ന ആശങ്കകൾ അനുദിനം നമ്മുടെ മനസ്സിനെ അലട്ടുന്നില്ലേ? എല്ലാറ്റിനും മറ്റൊന്നിൽ കുറ്റമാരോപിക്കാൻ വെമ്പുന്ന നമ്മുടെ പതിവുരീതി നാം തുടരുന്നു. അതിനു കാരണം അവരാണ്, ആ സമൂഹമാണ്, അയാളുടെ കുടുംബ പശ്ചാത്തലമാണ്, ഇരയുടെ പ്രതികരണമാണ്, പ്രതിഫലനമാണ്, മിക്കപ്പോഴും അപ്രതീക്ഷിതമോ സ്ഥിരമായതോ, ചിലപ്പോഴെങ്കിലും രൂപിതവുമായ മാനസ്സിക തകർച്ചകളും പിരിമുറുക്കങ്ങളുമാകാം എന്നല്ലേ നാം ആശ്വസിക്കുന്നത്.

അതേ സമയം ക്രിസ്ത്യൻ മാധ്യമങ്ങളിലേക്ക് ശ്രദ്ധ തിരിക്കുക; ആന്തരിക വിമർശനത്തിനും പുനരവലോകനത്തിനും മാനസാന്തരത്തിനുമൊക്കെയുള്ള പല ആഹ്വാനങ്ങളുണ്ടെന്നത് ശരിതന്നെ, പക്ഷെ നാം അവയെ കാര്യമായ് എണ്ണുന്നുണ്ടോ? തീവ്ര മതബോധം പുലർത്തുന്ന രാജ്യങ്ങൾ, പൂർവ്വേഷ്യൻ മേഖലകൾ എന്നിവിടങ്ങളിലെ ക്രിസ്തീയ പീഢനങ്ങൾ, ഉത്തരേന്ത്യയിൽ തുടങ്ങി ഇങ്ങ് തെക്കേക്ക് വളർന്നു പടരുന്ന ഇന്ത്യൻ വർഗ്ഗീയവാദത്തിന്റെ ക്രൈസ്തവ വിരുദ്ധ മനോഭാവം, അവിടെയെല്ലാം നമ്മുടെ സഭകളും സഹോദരങ്ങളും കൂട്ടമായും വ്യക്തിപരമായും നേരിടുന്ന കഷ്ടതയും പ്രതികൂലങ്ങളും- ഇവയുടെയൊക്കെ വിവരണങ്ങളും വിടുതലിനായുള്ള പ്രാർത്ഥനാ ആഹ്വാനങ്ങളും എല്ലാ പത്രികകളിലും പരക്കെ കാണാം. അവയിൽ ചിലതെങ്കിലും പേജുകൾ നിറയ്ക്കുവാൻ നിരത്തപ്പെടുന്നതല്ലേ എന്ന് തോന്നിപ്പോകുന്നു. നിശ്ചയമായും നമ്മുടെ പ്രശ്നങ്ങൾക്കുവേണ്ടി നാമാണ് പ്രാർത്ഥിക്കേണ്ടത്, പ്രവർത്തിക്കേണ്ടത്; നാം പ്രാർത്ഥിച്ചേ മതിയാകയുള്ളു. പക്ഷേ, എവിടെയോ എന്തോ നമ്മുടെ വിശ്വാസ ഗോളത്തിനു പിഴയ്ക്കുന്നില്ലേ? നാം ചെയ്യേണ്ടുന്ന, ആകേണ്ടുന്ന കാര്യങ്ങൾ യഥാവിധി കാര്യക്ഷമമായി നടക്കുന്നുവോ എന്ന് നാം ശരിക്കും ഒരു ആത്മശോധനയ്ക്കു തയ്യാറാകുന്നുണ്ടോ? നാം നമ്മുടെ നിഷ്ക്രിയത്വത്തെപ്പറ്റി ബോധവാന്മാരാണോ?

നാം ഉണരണം, ആത്മാവബോധമുള്ളവരാകേണം, എഴുന്നേൽക്കണം, മുന്നേറണം എന്നിത്യാദി വിഷയങ്ങളെ ആസ്പദമാക്കി ബഹുവിധ പ്രസംഗങ്ങളും എഴുത്തുകളും വ്യത്യസ്ത ആശയഗതി പുലർത്തുന്നവർ നടത്തുന്നുണ്ട്. അത്തരം സന്ദേശങ്ങൾ സദുദ്ദേശപരമാണോ എന്ന് സംശയമുണർത്തുകയല്ലേ ഓരോ സംഭവങ്ങളിലൂടെ. അവരുടെയൊക്കെ പ്രബോധനങ്ങൾ ആവേശത്തോടെ ഏറ്റെടുത്ത് എഴുന്നേറ്റവർ ചിത്തഭ്രമം ബാധിച്ചവരെപ്പോലെ തെരുവിലിറങ്ങി, ഇന്നലെവരെ സഹോദരതുല്യം കണ്ടവരെയും സ്നേഹിച്ചവരെയും ശത്രുക്കളായോ നികൃഷ്ട ജീവികളായോ, അചേതനാ വസ്തുക്കളായോ കാണുന്നു. തങ്ങളിൽ തീയായ് പടർന്ന ബോധം അവർ നടപ്പിലാക്കുമ്പോൾ അനേകർക്ക് ജീവൻ, സ്വന്തബന്ധുക്കൾ, പ്രിയപ്പെട്ടവർ, വസ്തുവകകൾ, മാന്യത, എന്നിവ നഷ്ടപ്പെടുന്നു. പലപ്പോഴും ഇവയ്ക്കു പിമ്പിലുള്ള പ്രചോദനം അജ്ഞതയും പലതും വാസ്തവ വിരുദ്ധവും മിക്കപ്പോഴും അല്പം പോലും യുക്തിസഹവുമല്ല എന്നതാണ് സത്യം. പീഢിതരുടെ കണ്ണുനീർ ആരു കാണാൻ, അവരുടെ ന്യായത്തിനായുള്ള നിലവിളിയും അപേക്ഷയും ആരു ശ്രദ്ധിക്കാൻ; എല്ലാം ബധിര വിലാപമായ് അന്യം നിന്നു പോകുന്നു, എന്തിനീ ജന്മം എന്ന് പലരെക്കൊണ്ടും ചിന്തിപ്പിക്കുന്നു.

ഇവിടെയെന്തോ വല്ലായ്മ തോന്നുന്നില്ലേ? നമ്മുടെ നാടിനിതെന്തു പറ്റി എന്ന് വ്യക്തമാകാതെ പകച്ചു നിൽക്കുന്ന സമൂഹം. കൃത്യമായ് നിരൂപിക്കാനാവില്ലെങ്കിലും ഒരു 40 വയസ്സു കഴിഞ്ഞവർക്ക് അന്യമായിരിക്കുന്നു നമ്മുടെ നാടിന്റെ പ്രകൃതിയും, സാഹോദര്യത്വവും പരസ്പര ബഹുമാനവും, മതബോധം സൂക്ഷിക്കുമ്പോൾ തന്നെ മാനവികത കൈവിടാത്ത മനസ്സുകൾ, പുറമേ കോപിക്കുമ്പോഴും അപരന്റെ കണ്ണീരും വിശക്കുന്ന വയറും ശ്രദ്ധിക്കുന്ന ഉൾക്കണ്ണുകൾ എന്നിവയൊക്കെ. എന്തേ നാം

ഇങ്ങനെ, എവിടെ നമ്മുടെ മൂല്യങ്ങൾ, എവിടെയാണ് പിഴവു സംഭവിച്ചിരിക്കുന്നത്?

ഒരു വശത്ത് കേരളത്തിന്റെ മുഖച്ഛായ തന്നെ മാറിക്കൊണ്ടിരിക്കുന്നു. സമ്പൂർണ്ണ സാക്ഷരത അവകാശപ്പെടുന്ന നമ്മുടെ അതിരിന്നപ്പുറത്തുതന്നെ തല ചായ്ക്കാൻ സ്വന്തം സുരക്ഷിത ഭവനങ്ങൾ ഇല്ലാത്തവർ; തൊഴിലില്ലായ്മ, രോഗബാധ, കടഭാരം, കോടതി വ്യവഹാരം, ജപ്തി ഭീഷണി എന്നിവയാൽ ഭാരപ്പെടുന്നവർ ഉണ്ടെന്നത് പകൽവെളിച്ചം പോലെ വ്യക്തം. ഭാര്യാഭർത്താക്കന്മാർക്കോ, എന്തിനേറെ പെണ്മക്കളോടൊപ്പം പിതാവിനോ പുറത്തിറങ്ങി യാത്ര ചെയ്യാൻ ആരുടെയൊക്കെയോ അനുവാദം വേണ്ടിവരുന്ന കപട സദാചാരബോധം; അതിനൊപ്പം തുടക്കത്തിൽ വിശപ്പിനുവേണ്ടി മോഷണം എന്നതിന്റെ വേദനയെ ആൾക്കൂട്ട മനശ്ശാസ്ത്ര കൊലപാതകം എന്നതിലേക്കു പിന്നീട് വിസ്മൃതിയിലേക്കും ആയ യുവാവും തന്നേപ്പോലെ അവകാശങ്ങളും അനുവദിക്കപ്പെട്ട ആനുകൂല്യങ്ങളും നഷ്ടമായവരും. മറ്റൊരിടത്ത് മദ്യത്തിനും മയക്കുമരുന്നിനും പലവിധ ലഹരിക്കും അടിമപ്പെട്ട് മാതാപിതാക്കളോടും സമൂഹത്തോടുമുള്ള കടപ്പാട് മറക്കുകയും തങ്ങളുടെ ആഗ്രഹ പൂർത്തീകരണത്തിന് ആരെയും ആക്രമിക്കുവാനും കൊല്ലുവാനും മടിയില്ലാത്ത യുവ തലമുറ. വർഗ്ഗീയതയുടെ ദുരഭിമാനം മനുഷ്യത്വത്തെ കാർന്നു തിന്നുന്ന ജാതിഭ്രാന്തിന്റെ ഒളിഞ്ഞും തെളിഞ്ഞുമുള്ള വികൃതമുഖം. പൊതുജനത്തെ സംരക്ഷിക്കുവാൻ വേണ്ടും വണ്ണം കഴിയാത്തപ്പോൾ തന്നെ പലരുടെയും പലതിന്റെയും പക്ഷം പിടിക്കയും പലപ്പോഴും ജനങ്ങളുടെ നാശത്തിനു തന്നെ കാരണക്കാരാകുകയും ചെയ്യുന്ന നിയമനിഷേധികളായ നിയമ പാലകർ. ദിനംതോറും നമ്മളറിഞ്ഞും അറിയാതെയും വ്യത്യസ്ത കാരണങ്ങളാൽ കാണ്മാനില്ല എന്ന പരസ്യത്തോടെയും അല്ലാതെയും നമ്മളിൽനിന്നും മറഞ്ഞു പോകുന്നവർ. ഭീകരത, അന്ധവിശ്വാസങ്ങൾ, വർഗ്ഗീയത, ആക്രമണോത്സുകത, വഞ്ചന, സ്വയമേയും സമൂഹത്തോടും നഷ്ടമായ ചുമതലാബോധം. പ്രിയരെ, ചിന്തിക്കൂ! നമുക്ക് എന്തൊക്കെയോ ചെയ്യുവാനില്ലേ?

സുവിശേഷയോഗങ്ങൾ, പരസ്യയോഗങ്ങൾ, ഉപവാസങ്ങൾ മറ്റു വിവിധ തരത്തിലുള്ള കൂട്ടായ്മകളും മറ്റും തകൃതിയായി നടക്കുന്നുണ്ട്. പക്ഷെ ആത്മീക സമൂഹം എന്നഭിമാനിക്കുന്ന ക്രൈസ്തവ കൂട്ടങ്ങളിലും പ്രത്യേകിച്ചു സുവിശേഷ വിഹിത സഭകളിലും കുടുംബങ്ങളിലും പഴയ സ്നേഹവും ധാർമ്മികതയും കൂട്ടായ്മയും സാഹോദര്യത്വവും സഹകരണവും നഷ്ടപ്പെട്ടിരിക്കുന്നു. കുടുംബങ്ങൾ തമ്മിലും കുടുംബങ്ങൾക്കുള്ളിലും നമുക്ക് ഇന്നു പ്രശ്നങ്ങളാണ്. ലോകമയത്വത്തെ അപ്പാടെ ഉള്ളിലും പുറത്തും പകർത്തിയെടുക്കുന്ന യുവജനങ്ങളും അവരെ കണ്ടു വളരുന്ന കുഞ്ഞുങ്ങളും. അതേ, നമ്മുടെ അടിസ്ഥാനങ്ങൾ സുരക്ഷിതമാണോ? പ്രസംഗങ്ങൾ, ഉപദേശങ്ങൾ, എഴുത്തുകൾ തുടരെ നടക്കുന്നു. എങ്കിലും ഒരു പുനർ ചിന്തനം ആവശ്യമല്ലേ? ഈ വാക്കുകളിലൂടെ ചലിക്കുമ്പോൾ എന്റെ തൂലികത്തുമ്പ് ഒരു മുൾമുന പോലെ എന്റെ ഹൃദയത്തെയും കുത്തി നോവിക്കുന്നു. നാം, ക്രിസ്തുവിശ്വാസികൾ സമാധാന പ്രഭുവിന്റെ മക്കൾ തന്നെയാണ് സമൂഹത്തിലെ ഈ വിപത്തിന്റെ പ്രധാന കാരണക്കാർ. നമ്മുടെ കുടുംബത്തോടും സഭയോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്ത ബോധം നഷ്ടപ്പെട്ട ജീവിതം; നമ്മുടെ തന്നെ ഭാഷയിൽ ദർശനം നഷ്ടപ്പെട്ട മങ്ങിയ അവസ്ഥ.

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ എന്ന യേശുനാഥന്റെ ആഹ്വാനം കേട്ടിറങ്ങിയ നാം, ആശ്വാസമറ്റ നമ്മുടെ അയൽക്കാരന് ആ ആശ്വാസപ്രദനെ കാട്ടികൊടുക്കുന്നുന്നുണ്ടോ? നമുക്ക അവിടുന്നു തന്ന ശാന്തിയും സന്തോഷവും പ്രത്യാശയും മറ്റുള്ളവരിലേക്ക് പകരുവാൻ കഴിയുന്നുണ്ടോ? നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് അനുഗ്രഹിച്ച് അധികാരം നൽകി നമ്മെ നിയോഗിച്ചയച്ച കർത്താവിന്റെ വാക്കുകൾ നാം മുഖവിയ്ക്കെടുക്കുന്നുണ്ടോ? സത്യം എന്തെന്നറിയാതെ ഇന്നും ധാർമ്മിക, മത, വർഗ്ഗീയ, സാമ്പത്തിക അന്ധത ബാധിച്ചവരെ വെളിച്ചത്തിലേക്ക് നയിക്കുവാൻ നാം ആ കാൽവറി ദീപം വഹിച്ചിട്ടുണ്ടോ? ഒരു ഉൾനോട്ടം നടത്തേണ്ടേ, വാസ്തവത്തിൽ നമ്മുടെ കണ്ണ് പ്രകാശിച്ചിട്ടുണ്ടോ? നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്ന് കർത്താവു പറഞ്ഞെങ്കിൽ, രുചി നഷ്ടപ്പെട്ട, രസമില്ലാത്ത ജീവിതം നയിക്കുന്ന, സ്വാർത്ഥത നിറഞ്ഞ സമൂഹത്തിന് നിത്യ സന്തോഷവും സമാധാനവും കണ്ടെത്തുവാൻ നാം നമ്മുടെ ഉപ്പുരസം സമൂഹത്തിലെ മറ്റുള്ളവർക്കായ് അലിയിക്കുന്നുണ്ടോ? മലമേൽ മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടേണ്ട പട്ടണം ഇന്ന് അറിയപ്പെടുന്നത് പള്ളികളിലെയും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സംഭാവനാ ലിസ്റ്റിൽ ഒതുങ്ങുന്നു. അഭയത്തിനെവിടെപ്പോകും എന്നുഴന്നലയുന്ന സഹോദരന്, സഹജീവിക്ക് നമ്മെ കാണുവാൻ ആകാത്ത ഉയരത്തിൽ നക്ഷത്ര കൂടുകളിലോ അങ്ങകലെ സുഖതാവളങ്ങളിലോ അതുമല്ലെങ്കിൽ കപട ആത്മീകതയുടെ ആഴക്കയങ്ങളിലോ വ്യർത്ഥാഭിമാനികളായി നാം നിഷ്ക്രിയരായിരിക്കുകയല്ലേ.

സ്നേഹിതരെ, സഹോദരങ്ങളെ നമുക്ക് ഒരു മടങ്ങിവരവ് ആവശ്യമാണ്. പാരമ്പര്യത്തെയും പേരിനെയും പ്രശസ്തിയെയും ചപ്പെന്നും കുപ്പയെന്നും എണ്ണി സ്വന്തം കുടുംബത്തിന്റെയും സമൂഹത്തിന്റെയും മുമ്പിൽ ഭ്രഷ്ടരും ഭോഷന്മാരും ആയ്തീർന്ന ഒരു കൂട്ടം മാതാപിതാക്കളുടെ സന്തതികളും അവരുടെ കണ്ണീരിന്റെ ഫലവുമാണ് നാം. അവരെപ്പോലെ തനിമ ഇല്ലാതാകുന്ന ഒരവസ്ഥ ഇന്ന് നമുക്ക് ഇല്ല. പക്ഷേ നമ്മിൽ മിക്കവരും ഈ സമൂഹത്തിലെ മറ്റേതൊരു വ്യക്തിയേപ്പോലെയും ലോകത്തിനു മാന്യരാകുവാൻ വേണ്ടി മാത്രമല്ലേ പ്രാർത്ഥിക്കുന്നതും പ്രയത്നിക്കുന്നതും, നമ്മുടെ പണവും സ്വാധീനവും വിനിയോഗിക്കുന്നതും. പോര പ്രിയരെ, ദാവീദ് രാജാവ് പാപത്തിന് ഒരുമ്പെട്ടപ്പോൾ, ആഗ്രഹപൂർത്തിക്കായ് തന്റെ അധികാരം വിനിയോഗിക്കുന്നതായേ ചിന്തിച്ചു കാണുള്ളു, ഒരു രാജാവിന് അതാകാമല്ലോ. പക്ഷേ ദൈവപൈതൽ എപ്പോഴും പ്രവാചക വാക്യത്തിന്റെ മുനയിൽ നിൽക്കുന്നവനാണ്. -ആ മനുഷ്യൻ നീ തന്നെ- എന്നുള്ള മുന്നറിയിപ്പ് ഇന്ന് നമ്മോടും കൂടെയാണ്. ഇന്നത്തെ നമ്മുടെ സമൂഹത്തിന്റെ, യുവതലമുറയുടെ, ഭരണസംവിധാനത്തിന്റെ, ആത്മീക ഗോളത്തിന്റെ മൂല്യത്തകർച്ചയ്ക്കു കാരണം ഞാനാണ് എന്ന ബോധം നമ്മിലുണ്ടാവട്ടെ. ശൂശൻ രാജധാനിയിൽ മുഴങ്ങിയ മൊർദ്ദെഖായിയുടെ പ്രബോധനത്തലെ വാക്കുകൾ മറക്കേണ്ട: 'നീ ഈ സമയത്തു മിണ്ടാതിരുന്നാൽ'. നാം ഉണരുന്നില്ലെങ്കിൽ ദൈവത്തിനു മറ്റൊരു മോർദ്ദെഖായി, ദാവീദ്, എസ്ഥേർ, ...., അതേ, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് നിലയ്ക്കുന്നില്ല.; കാരണം, ദൈവത്തിന്റെ പദ്ധതികളും ലക്ഷ്യങ്ങളും ഒരിക്കലും അന്യമാകുന്നില്ല. പക്ഷെ, നമ്മുടെ നാട്ടിൽ, നമ്മുടെ കുടുംബത്തിൽ, ജോലിയിടങ്ങളിൽ, നമ്മെ വിശ്വസ്തരെന്നെണ്ണി നിയമിച്ച കർത്താവിനെ സാക്ഷീകരിക്കേണ്ടത് നാം തന്നെയല്ലേ. ആ മനുഷ്യൻ നീ തന്നെ എന്ന് അരുളിയവൻ തന്നെയാണ് വിശ്വസ്തനും സത്യവാനുമായ ദാസനേ എന്നും നമ്മെ വിളിക്കേണ്ടത്.

ആകയാൽ നാം ഒന്നാണ് എന്നും അത് ക്രിസ്തുവിലാണ് എന്നതാണെന്നും ആയത് ക്രിസ്തുവാണെന്നും തന്നിമിത്തം ക്രിസ്തുഭാവം ആണ് നമ്മിൽ നിന്നും വെളിപ്പെടേണ്ടത് എന്നുമുള്ള ദർശനം പ്രാപിക്കാം. പഴമയിലേക്ക് അഥവാ ഉണ്മയിലേക്ക്, മാറ്റമില്ലാത്ത വചനത്തിൽ നമുക്ക് യഥാസ്ഥാനപ്പെടാം. ആത്മ നടത്തിപ്പോടെ ദൈവസ്നേഹത്താൽ നിറഞ്ഞ് പൂർണ്ണ ബോധത്തോടെ, സമർപ്പണത്തോടെ ഉടയവനായ കർത്താവിനോടു പ്രാർത്ഥിക്കാം: "ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ".

## ചെറു ചിന്ത

# ക്രിസ്തീയജീവിതം മാഹാത്മ്യജീവിതം



**ഇവാ. ബിൻസൺ**
**ഡെറാഡൂൺ**

ഒരു ദൈവപൈതലിന്റെ ഏറ്റവും വലിയ സന്തോഷം നമ്മോടു കൂടെ യേശുവിന്റെ സാന്നിധ്യം ഉള്ളതാണ്. ഇന്നത്തെ മനുഷ്യൻ സമാധാനമില്ലാതെ സമാധാനത്തിനുവേണ്ടി അലയുകയാണ്. പല ദൈവങ്ങളെയും ആരാധിക്കുന്നു, പണം കൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്തുന്നു, ദുരാചാരങ്ങൾ കൊണ്ട് ദൈവത്തെ സന്തോഷിപ്പിക്കുന്നു, അവിടെയും ഇവിടെയും ദൈവം ഉണ്ടെന്നുപറഞ്ഞു തീർത്ഥാടനം നടത്തുന്നു. മനുഷ്യൻ സമാധാനം, മോക്ഷം അന്വേഷിച്ചു നടക്കുകയാണ്. എന്നിട്ടും ജീവിതം ആടി ഉലയുകയാണ്. ഇവിടെയാണ് ഒരു ദൈവഭക്തന്റെ ക്രിസ്തീയ ജീവിതത്തിന്റെ മാഹാത്മ്യം അനുഭവിച്ചറിയുന്നത്. അവന്റെ ഉള്ളിൽ ദൈവീകസാന്നിധ്യം ചലിച്ചുകൊണ്ടിരിക്കും.

നമ്മോടുകൂടെ ദൈവീകസാന്നിധ്യം ഉള്ളപ്പോൾ നമ്മുക്ക് പേടിക്കണ്ട ആവശ്യമില്ല. ഇത്രവലിയ ആശ്വാസം വേറെ എവിടെനിന്നും ലഭിക്കയില്ല. ഈ ലോകത്തിൽ ക്രിസ്തീയജീവിതം നയ്യിക്കുന്ന ഒരു ദൈവപൈതൽ എങ്ങനെ മുൻപോട്ടു പോകണം? അതിനുവേണ്ടി മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം.

**ദൈവീകസാന്നിധ്യമുള്ളവൻ ക്രിസ്തുവിൽ മാത്രം ആശ്രയം ഉള്ളവൻ ആയിരിക്കും**

**ദൈവീകസാന്നിധ്യമുള്ളവൻ പ്രാർത്ഥനാജീവിതം നിറഞ്ഞവൻ ആയിരിക്കും**

**ദൈവീകസാന്നിധ്യമുള്ളവൻ നിത്യതക്കു വേണ്ടി ഒരുങ്ങും.**

1. ദൈവീകസാന്നിധ്യമുള്ളവൻ ക്രിസ്തുവിൽ മാത്രം ആശ്രയം ഉള്ളവൻ ആയിരിക്കും

ദൈവപൈതലിന്റെ ആശ്രയം ക്രിസ്തുവിൽ മാത്രം ആയിരിക്കും. നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ പലവിധങ്ങളായ പ്രതിസന്ധികളിലൂടെ കടന്നുപോകാം, ക്രിസ്തീയജീവിതത്തിൽ കഷ്ടതകളും വേദനകളും ഇല്ലാത്ത ആരുമില്ല. എന്നാൽ ദൈവീകസാന്നിധ്യം ഉള്ളവൻ ക്രിസ്തുവിൽ ഉറച്ചിരിക്കും. ദൈവം അവനു ആശ്രയം ആയിരിക്കും. എന്റെ ദൈവമേ ഞാൻ എന്നും ഇങ്ങനെ ജീവിക്കാനാണോ എന്റെ വിധി? എന്നും

കരച്ചിലും കഷ്ടപ്പാടുകളും... എന്ന് ഇതിൽ നിന്നും ഒരു വിടുതൽ കിട്ടും? ആര് സഹായിക്കും? എങ്ങനെ മുൻപോട്ടു പോകും? പലരും കണ്ടിട്ടും കാണാതെ പോകുന്നു.. ഇങ്ങനെ ഉള്ള കുറെ ചോദ്യങ്ങൾ എന്നും പ്രാർത്ഥിക്കുന്ന ഉപവാസം ഇരിക്കുന്ന എന്റെ ജീവിതത്തിൽ ഇതൊക്കെയും സംഭവിച്ചല്ലോ എന്നു ഓർത്തു വിലപിക്കുന്ന വ്യക്തി ആയിരിക്കാം... പ്രിയ സ്നേഹിതാ യേശു നമ്മുടെ വേദന അറിയുന്നു... ഈ ലോകത്തിലെ മനുഷ്യർക്കെല്ലാം ഒരു പരിധി ഉണ്ട് എല്ലാത്തിനും.ഒരുപക്ഷെ നിന്റെ അവസ്ഥ കണ്ടു കളിയാക്കിയേക്കാം, ചിരിച്ചേക്കാം ഭാരപ്പെടേണ്ട യഥാർത്ഥമായും ദൈവത്തെ സേവിക്കുന്ന ദൈവപൈതൽ ആണെങ്കിൽ ദൈവം നിന്റെ അവസ്ഥക്ക് മാറ്റം വരുത്തും, ഇനി നീ കരയേണ്ട, പിറുപിറുക്കേണ്ട. ഇന്നത്തെ നിന്റെ കണ്ണുനീർ നാളത്തെ അനുഗ്രഹം ആണ്.. നീ എന്നും കഷ്ടതയുടെ ആഴത്തിൽ കിടന്നു ജീവിക്കാൻ അല്ല മറിച്ചു ദൈവം അവിടുന്ന് വിടുവിച്ചു ഒരു വലിയ അനുഗ്രഹത്തിന് കാരണം ആക്കി തീർക്കാൻ ആണ് ദൈവം നിർത്തിയിരിക്കുന്നത്..

അതെ ദൈവീകസാന്നിധ്യമുള്ളവനെ ദൈവം കരുതും. ആശ്രയം ക്രിസ്തുവിലായിരിക്കട്ടെ.

2. ദൈവീകസാന്നിധ്യമുള്ളവൻ പ്രാർത്ഥനാ ജീവിതം നിറഞ്ഞവൻ ആയിരിക്കും.

ഒരു ദൈവഭക്തന്റെ ഏറ്റവും വലിയ ആയുധം പ്രാർത്ഥന ആണ്. ക്രിസ്തീയജീവിതത്തിലെ സന്തോഷവും പ്രാർത്ഥന തന്നെ. യേശുവിന്റെ ജീവിതവും നമ്മെ അതാണ് പഠിപ്പിക്കുന്നത്. യേശു കൂടുതൽ സമയം ചെലവാക്കിയത് പ്രാർത്ഥനക്കു വേണ്ടി ആണ്. മലമുകളിൽ ഒറ്റക്കിരുന്നു പ്രാർത്ഥിക്കുവാൻ സമയം വേർതിരിച്ചു അവിടെ ദൈവീകസാന്നിധ്യം ഇറങ്ങി. ഈ ലോകത്തിന്റെ കാര്യങ്ങളിൽ നിന്ന് മാറി പ്രാർത്ഥനക്കുവേണ്ടി സമയം വേർതിരിക്കുക അവിടെ ദൈവീകസാന്നിധ്യം നമുക്ക് അനുഭവിക്കാൻ സാധിക്കും, അതാണ് നമ്മുക്ക് ആവശ്യം. ആദ്യകാല പെന്തകോസ്ത് പിതാക്കന്മാർ പ്രാർത്ഥനയിലൂടെ ഉള്ള അത്ഭുതങ്ങളെ കണ്ടു അത് സഭയുടെ വളർച്ചക്ക് അനുഗ്രഹമായിത്തീർന്നു.

ജീവിതത്തിൽ പ്രതികൂല അവസ്ഥകളിലൂടെ കടന്നുപോകുമ്പോൾ നാം പലപ്പോഴും മാനുഷിക കണക്കുകൂട്ടലുകൾക്കും വഴികളിലേക്കും നോക്കാറുണ്ട്. എന്നാൽ ജീവിതയാത്രയിൽ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഏതു അവസ്ഥകൾ വന്നാലും ദൈവസന്നിധിയിൽ മുട്ടുമടക്കി കരയുന്ന, ഒരുപക്ഷെ പറയാൻ വാക്കുകൾ ഒന്നും കിട്ടാതെ വിങ്ങിപൊട്ടുന്ന ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന ഏതു പ്രതികൂലങ്ങളെയും അതിജീവിക്കുവാൻ ഒരു ഭക്തന് ദൈവം കൃപ നൽകും. വിശുദ്ധിയും, വിശ്വാസവും ഉള്ള ഒരു ദൈവഭക്തനെ പോറ്റിപുലർത്താനും നിത്യസ്വർഗ്ഗത്തിന്റെ അവകാശികൾ ആക്കുവാനും നമ്മുടെ ദൈവം വലിയവൻ അത്രേ.

അതെ പ്രാർത്ഥനാജീവിതം ക്രിസ്തീയ ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. പ്രാത്ഥനാജീവിതം അത്ഭുതങ്ങളെ സൃഷ്ടിക്കും. പ്രാർത്ഥനയാൽ നിറഞ്ഞ അനുഭവം ദൈവീകസാന്നിധ്യത്താൽ നയിക്കുന്ന ക്രിസ്തീയസന്തോഷം ആയിത്തീരും.

3. ദൈവീകസാന്നിധ്യമുള്ളവൻ നിത്യതക്കു വേണ്ടി ഒരുങ്ങും.

ക്രിസ്തീയജീവിതത്തിൽ ഒരു ദൈവപൈതലിന്റെ ഏറ്റവും വലിയ പ്രത്യാശയാണ് നിത്യതയിൽ കർത്താവിനോടു കൂടെ വാഴുക എന്നത്. ഒരു ദൈവപൈതൽ എപ്പോഴും ഭൂമിയിൽ ഉള്ളതല്ല ഉത്തരത്തിലുള്ളത് തന്നെ നോക്കുന്നത് കാരണം ദൈവീകസാന്നിധ്യം അവൻ അനുഭവിക്കുമ്പോൾ നിത്യത മാത്രം ആയിരിക്കും നോക്കുന്നത്. ഒരു ദൈവപൈതലിന്റെ ഏറ്റവും വലിയ പ്രത്യാശ നിത്യതയിൽ യേശുവിനോടുകൂടെ കാണുക എന്നതാണ്. ഈ ലോകത്തിൽ ഒരു ദൈവഭക്തൻ സകല പാപങ്ങളെയും വിട്ടൊഴിഞ്ഞു വിശുദ്ധിയോടും വേർപാടോടും ജീവിച്ചു മുന്നോട്ടുപോകുന്നത് മരണത്തിനപ്പുറം ക്രിസ്തുവിനോടുകൂടെ വാഴാനാണ്. ഈ ലോകസുഖങ്ങളെക്കാൾ, ലൗകീകനന്മകളേക്കാൾ ഏറ്റവും ശ്രേഷ്ഠമാണ് യേശുവിന്റെ കൂടെയുള്ള ജീവിതം. നമ്മുക്ക് നമ്മുടെ മരണം എപ്പോഴാണെന്ന് അറിയില്ല അതല്ല കർത്താവിന്റെ വരവ് എപ്പോഴാണെന്നും അറിയില്ല. ഏതു നിമിഷവും സംഭവിക്കാം. എന്നാൽ നമ്മുടെ ക്രിസ്തീയജീവിതത്തിൽ നമ്മുക്ക് വേണ്ടത് പ്രാർത്ഥനയും, വിശുദ്ധിയും ആണ്. സ്വർഗീയനാടിനെ കാണുവാനുള്ള ആഗ്രഹം ഓരോദിവസവും നമ്മിൽ വർദ്ധിക്കുകയും യേശുവിൽ ആശ്രയിച്ചുകൊണ്ടുള്ള ജീവിതം നയിക്കുകയും ചെയ്യാം.സ്വർഗീയസന്തോഷം ഒരു ദൈവഭക്തന്റെ ജീവിതം..

അതെ ഈ ലോകത്തിലുള്ള സന്തോഷങ്ങളേക്കാൾ നിത്യത സ്വർഗ്ഗത്തിലെ മഹാസന്തോഷമാണ്. അതിനാണ് നാം പ്രഥമ സ്ഥാനം കൊടുക്കേണ്ടത്.

പ്രിയ സ്നേഹിതാ, നമ്മുക്ക് ഈ ലോകത്തിൽ വേണ്ടത് യേശുവിന്റെ സാന്നിധ്യമാണ്. ആ യേശുവിന്റെ സാന്നിധ്യം ഉണ്ടെങ്കിൽ ക്രിസ്തീയജീവിതം ജയകരമായ ജീവിതം തന്നെയാണ്. ഈ ലോകത്തിൽ എന്ത് നേടിയെന്നോ, എത്രനാൾ ജീവിച്ചെന്നോ അല്ല നോക്കേണ്ടത് അല്പമേ ഉള്ളൂ എങ്കിലും, കുറച്ചു നാളുകളെ കിട്ടിയുള്ളൂ എങ്കിലും വിശ്വസ്തതയോടും, വിശുദ്ധിയോടും ദൈവീകസാന്നിധ്യം അനുഭവിച്ചു ക്രിസ്തുവിൽ മാത്രം ആശ്രയിച്ചു, പ്രാർത്ഥനയോടെ, നിത്യതയെ നോക്കിപ്പാർത്തു വിജയകരമായ ക്രിസ്തീയജീവിതം നയിക്കാം. ■

## ആനുകാലിക വീക്ഷണം

പാസ്റ്റർ സന്തോഷ് ചാലക്കുടി

# ദൈവത്തെ ഓർക്കുക



ഡിസംബറിന്റെ തണുത്ത രാത്രി ഇട്ടിരിക്കുന്ന കോട്ടൻ ഷർട്ടിനുള്ളിലേക്ക് തണുപ്പ് സൂചികൊണ്ട് കുത്തുന്ന നൊമ്പരത്തിൽ എന്റെ ടി വി എസ് സ്റ്റാർ സിറ്റി ബൈക്കിന്റെ ആക്സിലേറ്ററിൽ പിടിമുറുക്കി...

റോഡിന് ഇരുവശത്തും വീടുകളിൽ കിടക്കുന്ന എൽ ഇ ഡി സ്റ്റാറുകൾ മിന്നുകയല്ല എന്നെ പല്ലിളിച്ച് കാണിച്ച് കളിയാക്കുന്നത് പോലെ തോന്നുന്നു.

ഗ്ലാസില്ലാത്ത ഹെൽമറ്റിനകത്തേയ്ക്ക് തണുത്ത കാറ്റടിച്ച് മുഖം തണുത്ത് ഉറയുമ്പോളും... തലയ്ക്കകത്ത് ചൂടായിരുന്നു...

അൽപ്പം മുമ്പ് പ്രസംഗവേദിയിൽ കേട്ട ദൂത് ചൂടുപിടിപ്പിച്ചു...

'ദൈവത്തെ അറിയുക

ഇന്റർനെറ്റിന്റെ വലയ്ക്കകത്ത് കിടന്ന് ഇരുപത്തിനാല് മണിക്കൂറും ലോകത്തിനെ വിരൽതുമ്പിൽ കൊണ്ടുവരുന്ന... ഉത്തരവാദിത്വങ്ങളിൽ നിന്ന് ഓടി ഒളിക്കുന്ന എനിക്ക് ഇനി എന്ത് ദൈവം..?

എന്റെ രോഗം മാറാൻ ഗുളികയുണ്ട്...

അത്യാവശ്യം ജോലിയുണ്ട് പണവും ഉണ്ട്...

എന്റെ വീട്ടിലുള്ളവർക്കും പ്രശ്നമില്ല..

അളിയൻ ഗൾഫിൽ... പണം ഇമ്മിണിയുണ്ട്... കൂടുതൽ ഉള്ളത് കൊണ്ട് നേർത്തിൽ ചിലരെ സഹായിക്കുന്നു...

അനിയൻ പാസ്റ്ററാ അത്യാവശ്യം വരുമാനം സംഘടന കൊടുക്കുന്നു... അനിയന്റെ ഭാര്യ ജോലിയ്ക്ക് പോകുന്നു... മൊബൈൽ ബിരുദം എടുത്ത് വീട്ടിലിരിക്കാം... പ്രസംഗിക്കാൻ അറിയുന്നത് കൊണ്ട് ഞാറാഴ്ച ആരെങ്കിലും വന്നാൽ എന്തെലും അവൻ ചെയ്തു കൊള്ളും...

അപ്പുറത്തെ മുനീറിന്റ അഞ്ച് നേരം നിസ്ക്കാരം ഉള്ളത് കൊണ്ടാ വൈകിട്ട് 'കോട്ടുവാ' മത്സരമിട്ട് മക്കളും ഭാര്യയും ചേർന്ന് പാട്ട് പാടി പ്രാർത്ഥിക്കുന്നത്.

ഞാറാഴ്ച പൊടി തട്ടിയെടുക്കുന്ന ബൈബിൾ വായിക്കാൻ നേരം കിട്ടാറില്ല...

വാട്ട്സപ്പിൽ വരാറുള്ള നല്ല നല്ല പ്രസംഗങ്ങൾ ചൂണ്ടുവിരൽ കൊണ്ട് തട്ടിവിടുമ്പോൾ ഓർക്കാറുണ്ട് സമയം വരുമ്പോൾ എടുത്ത് കേൾക്കണം എന്ന്... എവിടെ... ഹാങ്ങ് ആകാതെ ഓൾ ഡിലീറ്റ് ചെയ്ത് പോവുകയാ പതിവ്...

ടി.വി യിലെ വാർത്തകളും കോമഡിയും രസം പിടിച്ച് കാണുമ്പോൾ...

എല്ലാ സുഖ സൗകര്യത്തിൽ ജീവിക്കുന്ന ഈ പാരമ്പര്യ വേർപ്പെട്ട ക്രിസ്ത്യാനിയ്ക്ക് എവിടെ 'ദൈവം'

'കാള തന്റെ ഉടയവന്റെ കഴുത തന്റെ യജമാനന്റെ പുൽതൊട്ടിയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല' എന്ന യെശയ്യാ പ്രവചനം ഒന്നാം അദ്ധ്യായം മൂന്നാം വാക്യം പ്രസംഗകൻ കുറ്റവാക്യമായി ഉപയോഗിച്ചത് വെള്ളിടിപ്പോലെ മനസ്സിൽ മിന്നി മറഞ്ഞു...

പെട്ടന്ന് തലയിൽ ഷാൾ ചുറ്റി തണുപ്പിന്റെ അസ്കിതയിൽ രണ്ടു കൈയും എന്നെ ചുറ്റിവരിഞ്ഞ് ഞാൻ പറയുന്നതൊന്നും കേൾക്കുന്നില്ലെ എന്ന് ഹെൽമറ്റിനകത്ത് കൂടെ ഭാര്യയുടെ ശബ്ദം കേട്ടപ്പോഴാണ് സ്ഥലകാല ബോധം വന്നത്...

ടീ... നമുക്ക് ഉള്ളതെല്ലാം ദൈവം തന്നതല്ലെ...

ഇനിയുള്ള കാലം നന്ദിയുള്ളവരായി ജീവിക്കാം... നമുക്ക് എന്നും ദൈവത്തെ ഓർക്കാം... കാരണം ദൈവം നമ്മെ എന്നും ഓർക്കുന്നുണ്ട്...

വീടിന് മുന്നിൽ ബൈക്ക് എത്തി... ഇറങ്ങാൻ നേരം മനസ്സ് പറഞ്ഞു ദൈവം ഓർത്തത് കൊണ്ടാ ഇവിടെ വരെ വാഹനം ഓടിയത്... ദൈവമെ നന്ദി... ഉറക്കെ ഉരുവിട്ട് വീടിന്റെ പടി ചവിട്ടി. ■

# 'പ്രാർത്ഥന' സീമാതീതമായ ശക്തിയുടെ ഉറവിടം.



**അലക്സ് പൊൻവേലിൽ**

പ്രാർത്ഥന എന്നത് പലപ്പോഴും നമ്മുടെ ആവശ്യങ്ങൾ നിരത്തുന്ന സംഭാഷണമായാണു തോന്നാറുള്ളത്, ഹൃദയത്തിൽ കുറിച്ചിട്ടിരിക്കുന്ന ആവശ്യങ്ങളുടെ നീണ്ട പട്ടികയുടെ വിവരണം പലപ്പോഴും ആകർഷകമാകാറില്ല, അതു കേട്ടു വളരുന്ന നമ്മൂടെ തലമുറകൾ പ്രാർത്ഥനയുടെ യഥാർത്ഥ അർത്ഥതലങ്ങൾ ഗ്രഹിക്കാതെ, വിരസമായ ജൽപനമായി പ്രാർത്ഥനയെ കണ്ടാൽ അവരെ കുറ്റം പറയാൻ കഴിയില്ല. പിന്നെ നമ്മുടെ പ്രാർത്ഥനകൾ സജീവമാക്കാൻ എന്തു ചെയ്യാൻ കഴിയും ?, അതിനു ഒരേ ഒരു വഴിയേയുള്ളൂ ആരോടു പ്രാർത്ഥിക്കുന്നുവോ ആ ആളുമായുള്ള ബന്ധം സജീവമായി നിലനിർത്തുക. പലരും അറിഞ്ഞോ അറിയാതെയോ ഒക്കെ പറയുന്നത് കേട്ടിട്ടുണ്ട് പ്രാർത്ഥന ഒരു വിലയും ഇല്ലാതെ, ആർക്കും ചെയ്യുവാൻ കഴിയുന്ന നിസ്സാരമായ പ്രവർത്തിയെന്ന്, ആർക്കും പ്രാർത്ഥിക്കുവാൻ കഴിയും എന്നിരിക്കേ പ്രാർത്ഥനജീവിതത്തിന്റെ ഉടമയായിരിക്കേണ്ടതിന് , യഥാർത്ഥ പ്രാർത്ഥന നിലവാരത്തിലേക്ക് ഉയരേണ്ടതിന് ഒരു ജീവിതത്തിന്റെ പിൻബലം അതിന് ഉണ്ടായിരിക്കേണം എന്നതാണ് യാഥാർത്ഥ്യം

എന്നാൽ പ്രാർത്ഥനയുടെ അർത്ഥതലങ്ങൾക്ക് വ്യത്യസ്തമായ മാനങ്ങൾ ഉണ്ട്, പ്രാർത്ഥന ഏറെ പറഞ്ഞു കേൾക്കുന്നതും, പ്രായോഗികമാക്കാൻ ഏറെ ശ്രമകരവുമായ ദൗത്യം ആണ് എന്നുള്ളതിൽ തർക്കം ഇല്ല, എന്നാൽ ഇതിന് പകരം വെക്കാൻ മറ്റൊന്ന് ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം

നിസ്സഹായതയുടെ തിരിച്ചറിവിൽ നിന്നാരംഭിക്കുന്നതെങ്കിലും പിന്നീട് അതൊരു ബന്ധമായി വളരേണ്ടിയിരിക്കുന്നു. സ്വയം, പണം, സ്വാധീനം, പദവികൾ എന്നീ ബലത്തിലൊക്കെ ആശ്രയിക്കുന്നവനു അത് ഒരു ആവശ്യമായി തോന്നാറില്ലെങ്കിലും ഈ ബലങ്ങൾ അവസാനിക്കുന്നിടത്തും, മറ്റ് ആശ്രയങ്ങൾ വിഫലമാകുന്നിടത്തും ചിലർ പ്രാർത്ഥനയെക്കുറിച്ച് ചിന്തിച്ചു തുടങ്ങും അത് ശുഭലക്ഷണം തന്നെ. പ്രാർത്ഥനയെക്കുറിച്ചും, പ്രാർത്ഥിക്കുന്നവനേ കുറിച്ചും ഒക്കെ മനസ്സിലാക്കാൻ നമുക്ക് എങ്ങും പോകേണ്ട ക്രിസ്തു യേശുവിലേക്ക് നോക്കിയാൽ മതി. കാലത്തികവിങ്കൽ ഭൂമിയിൽ ജനിച്ച യേശുക്രിസ്തു മാനവകുലത്തിൽ ഒരുവനായ്, നമ്മുടെ ജ്യേഷ്ഠസഹോദരനായ് ദൈവനീതി നിവർത്തിക്കുന്നതിന്റെ ഭാഗമായി സ്നാനം ഏറ്റ് പ്രാർത്ഥിക്കുമ്പോളാണ് പ്രിയപുത്രനെന്നും ദൈവപ്രസാദം ലഭിച്ചവനെന്നും ഉള്ള മുഴക്കം ഭുമിയിൽ എത്തുന്നത്. കേവലം യേശുവിനോടു മാത്രം ഉള്ള ഒരു ഇടപെടലായിരുന്നില്ല, മുഴു ലോകത്തോടുമുള്ള ദൈവത്തിന്റെ വെളിപ്പെടുത്തലായിരുന്നു ആ മുഴക്കം. തിരുവെഴുത്തിൽ അവിടം മുതൽ ഇതാ സകലവും നിവർത്തിയായ് ആത്മാവിനെ തൃക്കയ്യിൽ ഏൽപ്പിക്കുന്നു എന്നു പ്രാർത്ഥിച്ച് അവസാനിപ്പിക്കുന്നതുവരെയായിരുന്നു ആ മൂന്നരവർഷത്തെ ജീവിതം

യേശു സ്നേഹിച്ച ശിഷ്യന്റെ സാക്ഷ്യം ഇവിടെ ശ്രദ്ധേയമാണ് : 'യേശു ചെയ്തത് മറ്റുപലതും ഉണ്ട് അത് ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല' എന്നാണ് തന്റെ നിരൂപണം. കേവലം മൂന്നര വർഷത്തെ തന്റെ പരസ്യ പ്രവർത്തനം ഒരു മനുഷ്യായുസ്സിനു സ്വപ്നംകാണുന്നതിനും അപ്പുറം ആയിരുന്നെങ്കിൽ അതിനു കാരണം പ്രവർത്തനത്തിനു മുൻപുള്ള തന്റെ പ്രാർത്ഥനയായിരുന്നു എന്ന് നാം തിരിച്ചറിയണം. യേശു പറഞ്ഞു എനിക്കു സ്വതേ ഒന്നും ചെയ്വാൻ കഴിയുന്നതല്ല പിന്നെഞാൻ ചെയ്യുന്നത് എന്നെ അയച്ചവന്റെ ഇഷ്ടം മാത്രമാണ്. അതിനായിട്ടായിരുന്നു ശിഷ്യരെ നിർബന്ധിച്ചു പറഞ്ഞയച്ചിട്ടു പ്രാർത്ഥിപ്പാൻ മലയിൽ പോയിരുന്നത്. തിരുഹിതത്തിൽ നിന്ന് അണുവിട വിട്ടുമാറാൻ ആവുമായിരുന്നില്ല തനിക്ക്. അതിൽ നിലനിൽക്കുവാൻ സദാ പ്രാർത്ഥനയിൽ ആയിരുന്നു നമ്മുടെ മാതൃകയായ ക്രിസ്തു. ഒരു വിരസതയുമില്ലാതെ താൻ ഓർമ്മിപ്പിച്ചു, 'പരീക്ഷയിൽ അകപ്പെടാതിരിപ്പാനും, സകലവും സമാപിച്ചിട്ട് ഉറച്ചു നിൽക്കേണ്ടതിനും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പീൻ'. ഇതേകാര്യം അപ്പോസ്തോലന്മാരും ഓർമ്മിപ്പിച്ചു പ്രാർത്ഥനക്ക് മുടക്കം വരാതെ ഇരിക്കേണ്ടതിന് കൂടുംബ ബന്ധങ്ങളെ നാം ഗൗരവത്തോടെ കാണണം. ജീവിതം സൂക്ഷിക്കാത്തവന്റെ പ്രാർത്ഥന മുടങ്ങിപോകും (1 പത്രോസ് 3:7). ദൈവവചനപാതയിൽ ജീവിതം നിലനിർത്തുവാൻ കഴിയാത്തവന്റെ പ്രാർത്ഥന ദൈവത്തിനു വെറുപ്പാണ് (സദൃശ്യ 28:9). ഈ യാഥാർത്ഥ്യങ്ങളെ ഗൗരവമായി കാണാൻ കഴിയാത്തതുകൊണ്ടാണ് പ്രാർത്ഥന വിരസമായും ജീവൻ നഷ്ടപ്പെട്ടതായും തോന്നുന്നത്.

എന്നാൽ അനന്ത സാധ്യതകളുള്ള, ശക്തി കേന്ദ്രം ആയിരിക്കുന്ന ഈ കലവറയെ മനുഷ്യനിൽ നിന്നു മറച്ചു വെക്കാൻ സദാ ജാഗരൂകരായിരിക്കുന്ന തിന്മയുടെ ശക്തികളെ നാം തിരിച്ചറിയാതെ പോകരുത്. അപ്പോസ്തലനായ പത്രോസ് ഓർപ്പിക്കുന്നു വിഴുങ്ങികളയുക എന്നലക്ഷ്യം ആണ് ശത്രുവിനുള്ളത്, താൻ ഓർപ്പിക്കുന്നു ഗൌരവമുള്ളവരായിരിപ്പീൻ, ഉണർന്നീരിപ്പീൻ (be sober, be watchful) നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു (1പത്രോസ് 5:8). ജീവിതവിശുദ്ധിയിൽ തുടരുന്ന, ദൈവഹിതത്തിനായ് പ്രാർത്ഥനയിൽ കാതോർക്കുന്ന നിന്നെ പിശാച് ഏറെ ഭയപ്പെടുന്നു. അതുകൊണ്ട് നിനക്കു വിരോധമായ് അവൻ തന്ത്രങ്ങളുമായ് അടുത്തു വരും ഉണർന്നിരിപ്പീൻ. യേശു പറഞ്ഞു ഞാൻ ചെയ്യുന്ന പ്രവർത്തി എന്നിൽ വിശ്വസിക്കുന്നവൻ അതിൽ അധികവും ചെയ്യും. നാം നമ്മെ തന്നെ പരിമിതപെടുത്തരുത്, സ്വയത്തിൽ ആശ്രയിക്കാതെ യേശുവിനേപ്പോലെ സദാ പ്രാർത്ഥനയിൽ തുടരുന്നവന്റെ ആവകാശം ആണ് ഈ വാഗ്ദത്തങ്ങൾ.





# ശാലോം ചിന്ത

ബിജു ബെന്നി മോറിയ

നൈമിഷികമായ പരാജയത്തേക്കാൾ നന്നാണ്, നശ്വരമായ വിജയങ്ങൾ. നിറഞ്ഞിരിക്കുന്ന കണ്ണീർ തുള്ളികൾ, മുന്നിലുള്ള വിജയ യാത്രകൾക്ക് മങ്ങലേൽപ്പിക്കും.കാലുകൾ ഉയർത്തി ചവിട്ടിയോടിയില്ലെങ്കിൽ മറഞ്ഞുകിടക്കുന്ന തടങ്കൽ പാറകൾ വിഘ്നങ്ങൾ സൃഷ്ട്ടിക്കും. ശബ്ദമുഖരിതമായ ചുറ്റുപാടിലും ചെവികൾ കൂർപ്പിക്കുക. ബലമാർന്ന പാണികളിൽ മൂർച്ഛയേറും ആയുധങ്ങൾ ധരിക്കുക. ശത്രുവിന്റെ തന്ത്രങ്ങളെ തിരിച്ചറിയുക. ഒളിയമ്പുകളെ നേരിടുക. ചതിവുകളെ മനസ്സിലാക്കുക. ലാക്കിലേക്കു ഓടുക. 'ദുർഘടമായ വിജയങ്ങൾക്കു മാത്രമേ മഹത്വമുള്ളു' വെന്നാണ് ഫ്രഞ്ച് നാടകകൃത്തായ പിയറി കാമേലെ അഭിപ്രായപ്പെടുന്നത്. പ്രതിസന്ധികളെ ഞെരിച്ചമർത്താൻ ഉടലുകളെ ശാക്തീകരിക്കുക പരാജയങ്ങളിൽ നെടുവീർപ്പരുത്, അതു ഭാവി വിജയത്തിന്റെ സോപാനമാവാം.

വഴിത്താരകളിലെ വിഘ്നങ്ങളിൽ മനസ്സു പതറുന്നവർക്കു, ആർജ്ജിക്കേണ്ട മഹത്വം നഷ്ട്ടമാകും. കർമ്മപഥങ്ങളിൽ ധീരരായി മുന്നേറുക. ■



# മുള്ളിനെ തിരഞ്ഞെടുത്തവർ

**പാസ്റ്റർ ജെൻസൻ ജോസഫ്**

ഉറക്കംവരാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ യോഥാമിൻെറ ചിന്ത മുഴുവൻ തന്റെ പിതാവിനെ കുറിച്ചായിരുന്നു.... എന്തെല്ലാം നന്മകൾ ആണ് താൻ തന്റെ ദേശക്കാർക്കു വേണ്ടി ചെയ്തത്.....

അദ്ധ്വാനിക്കുന്നതിനു ഫലമില്ലാതെ നശിച്ചു.... പ്രതീക്ഷകൾ കെട്ടു..... ആണ്ടുകൾ കഴിച്ചുകൂട്ടിയ ഒരുജനത്തിന്റെ നടുവിൽ തന്റെ ആവശ്യങ്ങൾ പോലും നോക്കാതെ ഇറങ്ങി നടന്നവൻ അല്ലെ.

ദൂതന്റെ സന്ദേശം ലഭിക്കുമ്പോൾ ഒത്തിരി പരാതികൾ ഉണ്ടായിരുന്നു എങ്കിലും എന്തു ആത്മാർത്ഥതയോടെ ആണ് അവൻ അവരുടെ ഇടയിൽ പ്രവർത്തിച്ചത്.....

എത്രനാൾ അവർ സ്വസ്ഥതയോടെ അവരുടെ ഭവനങ്ങളിൽ പാർത്തു.... അവരുടെ സന്തോഷത്തിനു കുറവുണ്ടായിരുന്നോ...

മിദ്യാന്യരും അമാലേക്യരും കിഴക്കുദ്ദേശക്കാരും അവരുടെ നേരെ വന്നപ്പോൾ എത്രയോ പ്രാവശ്യം അവരിൽ നിന്നും വിടുവിച്ചു....

എന്നിട്ടും അവനോടും അവന്റെ മക്കളായ ഞങ്ങളോടും ഈ ദേശക്കാർ ചെയ്തത് ശരിയാണോ.....

എന്തായാലും ചോദിച്ചേ പറ്റൂ.... എന്റെ പിതാവിനും സഹോദരൻമാർക്കും വേണ്ടി പറയാൻ ഇനി വേറാരുമില്ല....

അതിരാവിലെ ഗെരിസ്സിം മലമുകളിൽ കയറുമ്പോൾ എന്തെന്നില്ലാത്ത മനോഭാരം....

എങ്കിലും തന്റെ സർവശക്തിയും ഉപയോഗിച്ചു വിളിച്ചു പറഞ്ഞു...

ശബ്ദം കേട്ടു ഓടിയെത്തിയ ശേഖേം നിവാസികൾ തെല്ലൊന്നമ്പരന്നു... പെട്ടന്ന് അവർക്ക് ആ ശബ്ദവും അതിന്റെ ഉറവിടവും മനസിലായി.... അവൻ ഗിദെയോൻെറ മകനായ യോഥാം തന്നെ....

കണ്ണുകൾ നനഞ്ഞു ഒഴുകുമ്പോഴും അവൻ ധൈര്യം സംഭരിച്ചു വിളിച്ചു പറഞ്ഞു..

വൃക്ഷങ്ങൾ തങ്ങൾക്കു രാജാവിനെ തിരഞ്ഞെടുത്ത കഥ...

രാജാവാകാൻ വിളിച്ചപ്പോൾ

ഒലിവു വൃക്ഷവും, അത്തിവൃക്ഷവും മുന്തിരിവള്ളിയും, പറഞ്ഞ മറുപടിയും മുൾപടർപ്പ് പറഞ്ഞ മറുപടിയും.......

ദൈവവും മനുഷ്യരും പുകഴ്ത്തുന്ന പുഷ്ടിയും, പഴങ്ങളും, രസവും ഉപേക്ഷിക്കാൻ തയ്യാറല്ല എന്നു പറയുമ്പോൾ...

ഒരു ഗുണവും ഇല്ലാത്തവൻ ഞാൻ ആകാം രാജാവ് എന്നു പറയുക മാത്രമല്ല തന്റെ തീയാൽ

ഉറച്ചു നിൽക്കുന്നവനെക്കൂടെ കരിച്ചു കളയാം എന്നും വാഗ്ദാനം നൽകുന്നു.

ഗിദെയോൻെറ എഴുപതു വിശുദ്ധ പ്രജകളെ കൊന്നൊടുക്കുവാൻ അശുദ്ധ സന്തതിയായ അബീമേലേക്കിനോട് കൂട്ടുകൂടുമ്പോൾ ശേഖേമുകാർ അറിഞ്ഞില്ല ആ കൂട്ടുകെട്ട് അവരുടെ അന്ത്യമാണ് എന്ന്. അതോ ഗിദെയോനോടുള്ള ദൈവ നീതി ആയിരുന്നോ എന്നും...

പിന്നീടുള്ള ഓരോ ചരിത്രവും അവന്റെ വാക്കുകളെ അന്വർത്ഥം ആക്കുന്നതായിരുന്നു.

ന്യായാധിപന്മാർ 9:20

'അല്ലെങ്കിൽ അബീമേലെക്കിൽനിന്നു തീ പുറപ്പെട്ടു ശെഖേംപൗരന്മാരെയും മില്ലോഗൃഹത്തെയും ദഹിപ്പിക്കട്ടെ; ശെഖേംപൗരന്മാരിൽനിന്നും മില്ലോഗൃഹത്തിൽനിന്നും തീ പുറപ്പെട്ടു അബീമേലെക്കിനെയും ദഹിപ്പിക്കട്ടെ.'

അധിപതിയുടെ പുതുമോടി നഷ്ടപെട്ട ജനം ഗാലിന്റെ വാക്കിൽ മയങ്ങി അബീമലേക്കിനോടെതിർക്കുമ്പോൾ അവരറിഞ്ഞില്ല എവിടെയോ ദൈവനീതി വെളിപ്പെടാൻ സമയമായി എന്ന്.

ഏൽബരീതിന്റെ മണ്ഡപത്തിൽ കൂടിയ ജനത്തിന്റെ മേൽ തീ ഇടുമ്പോൾ അവനെ അധിപതി ആക്കിയവരെ ഒന്നടങ്കം അവൻ നശിപ്പിക്കുകയായിരുന്നു...

പിന്നീടുള്ള പോക്കിൽ ഒരു സ്ത്രീയുടെ കൈയ്യിൽ നിന്നും തിരിക്കല്ലിൻ പിള്ള തലയിൽ വീഴുമ്പോൾ അവനോർത്തുകാണും എന്റെ ബുദ്ധിയല്ല ദൈവമാണ് അധികാരം നൽകുന്നതെന്ന്.

പ്രിയരേ.... 2018 നമ്മെ വിട്ടു പോയി..... ഇനി 2019 എന്ന ഒരു പുതിയ വർഷം നമ്മെ തേടി വരികയാണ്. പൊടുന്നനെ ഉള്ള പ്രകൃതി ക്ഷോഭങ്ങളും മരണവും രോഗവും ജനത്തെ വല്ലാത്ത ഭീതിയിലേക്കു നയിക്കുന്നു.... എന്നാൽ ഒരു വിശ്വാസിയുടെ ഏക പ്രത്യാശ ക്രിസ്തു ഏതു പ്രതിസന്ധിയിലും അവന്റെ കൂടെ ഉണ്ട് എന്നുള്ളതാണ്.

ഓർക്കുക......നമ്മുടെ ആയുസ്സും സമയവും വിലപ്പെട്ടതാണ്.

യെശയ്യാ 59:13 ൽ പറയുന്നത് പോലെ അതിക്രമം ചെയ്തു യഹോവയെ നിഷേധിക്കുക, ദൈവത്തെ വിട്ടുമാറുക, പീഡനവും മത്സരവും സംസാരിക്കുക, വ്യാജവാക്കുകളെ ഗർഭംധരിച്ചു ഹൃദയത്തിൽനിന്നു ഉച്ചരിക്കുക. ഇങ്ങനെ ഉള്ള വ്യർത്ഥ കാര്യങ്ങളിൽ നമ്മിൽ വന്നിട്ടുണ്ടാകാം എന്നാൽ ഇനിയും അങ്ങനെ അല്ല നമ്മുടെ സമയം ചിലവഴിക്കേണ്ടത്....

തിരുവചനം ഉള്ളിലാക്കുന്ന ഒരു ദൈവത്തിനായി കാത്തിരിക്കുകയാണ് വേണ്ടത്..

യെശയ്യാ 59:21 ഞാൻ അവരോടു ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു: നിന്റെമേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽനിന്നും നിന്റെ സന്തതിയുടെ വായിൽനിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നുമുതൽ ഒരുനാളും വിട്ടുപോകയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു.

വരവേൽക്കാം ഒരു നല്ല വർഷം, വെടിയാം ജഡിക സ്വഭാവങ്ങളെ, ജീവിതം നൈമിഷികം ആണെന്നോർത്തു, മത്സരം വെടിഞ്ഞു, നല്ലതു ചെയ്യാം

സഹോദരസ്നേഹം നിലനിർത്താം, കൂട്ടായ്മ ആചരിക്കാം, അനേകരെ ക്രിസ്തുവിങ്കലേക്കു നടത്താം

ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ... ■



# അന്നത്തെ ലോത്തും ഇന്നത്തെ Rev. ലോത്തുമാരും

Pastor Lijo Johny

വിശ്വാസ ജീവിതയാത്രയിൽ വലഞ്ഞു പോയവൻ എന്ന് സർട്ടിഫിക്കറ്റ് ലഭിച്ച ബൈബിളിലെ ഏക വ്യക്തി. താൻ യാത്ര തുടങ്ങിയത് ഒരു സാധാരണക്കാരനായ വ്യക്തിയുടെ കൂടെ അല്ലായിരുന്നു. ആയതുകൊണ്ട് തന്നെ തന്റെ യാത്രയിലൂടെ നീളം ദൈവഭക്തി കാത്തുസൂക്ഷിച്ച വ്യക്തിയായിരുന്നു ലോത്ത്. എന്നിരുന്നാലും ജീവിത ഓട്ടത്തിലെ ഫിനിഷിങ് പോയിന്റിൽ തന്റെ കാലിടറി വീണു. യാത്രയിലുടനീളം പുലർത്തിയ ഭക്തിയോ കാണിച്ച തീഷ്ണതയോ, ത്യാഗമോ ഒന്നും ദൈവമുൻപാകെ നീതിമാനാണെന്ന് പറയിപ്പിക്കുവാൻ സാധിച്ചില്ലെന്നത് ഇന്നത്തെ തലമുറ യാത്രികർക്ക് വെല്ലുവിളി തന്നെയാണ്.

## പുരുഷൻ തൊടാത്ത കന്യകമാരുള്ള പിതാവ് - ലോത്ത്

സ്വർഗ്ഗാനുരാഗികളായ ജനത്തിന്റെ സ്വപ്നനഗരമായ സോദോം - ഗോമോറ പട്ടണം. വഷളത്തം അങ്ങേയറ്റം നിറഞ്ഞതും അപരിചിതരെപ്പോലും ഭോഗിപ്പാൻ മടിയില്ലാത്ത ജനം. കൂടാതെ മറ്റൊരുവന്റെ ഭവനഭേതനം നടത്തിയിട്ടാണെങ്കിലും, ഭോഗിക്കണമെന്ന തൃഷ്ണയുള്ള മൃഗ-വർഗ്ഗമായ ഇരുകാലി മൃഗങ്ങളുടെ സൈ്വര്യവിഹാര കേന്ദ്രമാണ് ഈ പട്ടണം. പാപത്തിന്റെ കലവറ... മ്ലേച്ഛതയുടെ കേദാരം... ഇങ്ങനൊരു സമൂഹത്തിന്റെ നടുവിൽ തന്റെ പെണ്മക്കളെ പുരുഷൻ തൊടാത്ത കന്യകകളാക്കി വളർത്തിയ പിതാവ്. അതിന് നല്കിയവൻ, മാത്രമല്ല പ്രാഗത്ഭ്യത്തോടെ ഒരു സമൂഹത്തിന്റെ മുഖത്തുനോക്കി ദൈവദൂതന്മാരെ സാക്ഷിയാക്കി പറയുവാൻ ചങ്കൂറ്റമുള്ള പിതാവായ ലോത്ത്.

എന്നാൽ ഇന്ന് വായിക്കുന്ന ഏവരുമെ... ചിന്തിക്കൂ... ഇന്ന് എത്ര പിതാക്കന്മാർക്ക് ഉറ+പ്പോടെ പറയുവാൻ കഴിയും...? ആത്മീയ നേതാവിനോ, സഭയുടെ അധ്യക്ഷനോ...,ഒരു സാമൂഹ്യ പ്രവർത്തകനോ കഴിയുമോ ..? എന്നാൽ അറിയുക അപ്രകാരം നന്നായി മക്കളെ വളർത്തിയ പിതാവായിരുന്നു ലോത്ത്.

## എന്റെ പെൺകുട്ടികളെ തരാം (ഭോഗിപ്പാൻ) ദൈവ പുരുഷന്മാരെ വിടുക

താൻ വില കൊടുത്ത്, ത്യാഗം അനുഭവിച്ച് വളർത്തിയ തന്റെ കന്യകകളായ പെൺകുട്ടികളെ ഭോഗിപ്പാൻ വഷളന്മാരായ പൊതുജനത്തിന് വിട്ടു തരാം.... എന്നാലും എന്റെ വീട്ടിൽ അതിഥികളായി വന്ന ദൈവപുരുഷന്മാരെ ഉപദ്രവിക്കരുത്, വെറുതെ വിടുക എന്ന് ഭോഗിപ്പാനുള്ള തീഷ്ണതയാൽ തിളച്ചു മറിഞ്ഞു വീടിന്റെ വാതിൽ പൊളിച്ച് അകത്തു കയറുവാൻ തയ്യാറെടുക്കുന്ന ജനത്തോട് സധൈര്യം പറയുവാൻ ഉറപ്പുള്ള ലോത്ത്.

"അബ്രഹാം പോലും രാജാവിനെ ഭയന്ന് സ്വന്തം ഭാര്യയെ സഹോദരിയെന്ന് പറഞ്ഞു രാജാവിന് നൽകിയെന്ന് നാം ഇവിടെ ഓർക്കുക."

പ്രിയരെ, എന്റെ പ്രിയ വായനക്കാരെ... ലോത്തിനെപ്പോലെ, സ്വന്തം ചോരയായി പോറ്റി വളർത്തിയ തരുണീമണികളായ സ്വന്തം പെണ്മക്കൾ, സ്വന്തം കണ്ണിനു മുൻപിൽ കാട്ടാളന്മാർ പിച്ചി ചീന്തുന്നത് ഒരു പിതാവിന് കാണേണ്ടി വരികയെന്നത് എത്രമാത്രം വേദനാജനകവും മറക്കാനാവാത്ത വേദനയുടേതുമാണെന്ന് സ്നേഹിതർ തിരിച്ചറിയുമല്ലോ....! എന്നാൽ ലോത്ത് എന്ന ഭക്തൻ തീരുമാനിച്ചു. ഇപ്രകാരം ഞാൻ സ്വയം കാണേണ്ടി വന്നാലും വീടിനകത്തുള്ള ദൈവദാസന്മാർ സൂക്ഷിക്കപ്പെടണമെന്ന് രക്ഷപ്പെടണമെന്ന് പറയുവാൻ കഴിയുന്ന, ആത്മസമർപ്പണമുള്ള എത്ര ലോത്തുമാർ ഇന്നുണ്ട്? സഹോദരവർഗ്ഗത്തെ കാക്കുന്ന, സഹശുശ്രൂഷകരെ കാക്കുന്ന എത്ര നേതൃത്വമുണ്ട്...?

## സോവാർ നേടിയ ലോത്ത്

സോവാർ എനിക്ക് സമീപവും, ചെറുതും ആകുന്നു. അവിടേക്ക് ഞാൻ ഓടാം (ഉൽപ്പത്തി. 19:20). തന്റെ ദൗർബല്യവും, പിടിവാശിയും നിമിത്തം ലോത്ത് ദൂതന്മാരെ സമ്മതിപ്പിച്ച് താൻ സോവാറിലേക്ക് കുടുംബമായി ഓടി. ആ പട്ടണത്തെ നശിപ്പിക്കില്ലെന്ന് ദൂതന്മാർ ലോത്തിന് ഉറപ്പും നൽകി. അങ്ങനെ ലോത്ത് എന്ന അതികായകൻ ഒരു പട്ടണത്തെ നേടി.

"അബ്രഹാം മധ്യസ്ഥതയുടെ ഇടപെടൽ നടത്തിയിട്ടും ഒരു പട്ടണത്തേയും നേടിയില്ലെന്നതും ശ്രദ്ധേയം"

എന്റെ പ്രിയ സഹോദരീ, സഹോദരന്മാരെ... ഞാൻ ഈ എഴുത്തിലൂടെ നിങ്ങളുമായി സംവദിക്കുന്നത്, അബ്രഹാം തീരെ ചെറിയവനെന്നോ, ലോത്ത് വലിയവനെന്നോ അല്ല, മറിച്ച് ചില താരതമ്യം മാത്രം. ഇന്നത്തെ നമ്മുടെ ആത്മീയ സമൂഹത്തിൽ അനേകം വിശുദ്ധരും, കൃപാവര പ്രാപ്തരും ഒക്കെ ഉണ്ട്. എന്നിരിക്കിലും, പലർക്കും ലോത്തിനോട് പുച്ഛമാണ്. എന്നാൽ ഒന്ന് ഓർക്കുക മുൻ പരാമർശിച്ചവയാൽ ഇന്നത്തെ പല പ്രധാനികളെക്കാളും ലോത്ത് നല്ലവനായിരുന്നു. ലോത്തിന്റെ ദർശനം പോലെയോ, അദ്ദേഹത്തിന്റെ തീഷ്ണതയോ ഇന്നില്ലാതിരിക്കെ എന്തിനാണ് ഈ പ്രഹസനങ്ങൾ..?? അതെ, മിസ്റ്റർ REV. ലോത്ത് നിങ്ങൾ എത്രയോ താഴെയാണ്. ലോത്തിനെക്കാളും എത്രയോ താഴെ....

ഇത്രയധികം സമർപ്പണവും, ദൈവപുരുഷന്മാരെ രക്ഷിപ്പാൻ പെൺമക്കളെ വലിച്ചെറിയുമോ നിങ്ങൾ..? ദൈവദാസന്മാരെ വലിച്ചെറിഞ്ഞു, അവർക്കെതിരെ കേസുകൊടുക്കുകയും സ്വന്തം ശരീരത്തിൽ പോറൽ ഏൽക്കാതെ കണ്ടു നിന്ന് ചോര കുടിക്കുന്ന കൗശലക്കാരനായ കുറുക്കനാണ് ഇന്നത്തെ അഭിനവ ആത്മീയർ. ലോത്ത് വലഞ്ഞുപോയി.., ശരിയാണ്; എങ്കിലും ഒരു പട്ടണത്തെ നേടി.., നീയോ...? സഭപൊളിച്ച് ദേശത്തിൽ ദൈവനാമം ദുഷിച്ചില്ലേ? അതെ, താഴെയാണ് ലോത്തിനെക്കാൾ... വളരെ വളരെ.. മാത്രമല്ല, ലോത്തിനെക്കാൾ അധികം വലഞ്ഞവനും. ■




# തേനിലും മധുരം കൗൺസിലിങ് കോർണർ

## കൗമാരവും ലഹരിയും.



അനു ഗ്രേസ് ചാക്കോ

***ഒരു കാലത്തു മുതിർന്നവരിൽ മാത്രം കണ്ട് വന്നിരുന്ന മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും ഒക്കെ ഇന്ന് ചെറിയ കുട്ടികളിൽ മുതലേ കണ്ടു വരുന്നു. ലിംഗവത്യാസമില്ലാതെ നിരവധി ആൺകുട്ടികളും പെൺകുട്ടികളും ഇതിനു അടിമകളായി തീർന്നുകൊണ്ടിരിക്കുന്നു.***

പുതിയ കാര്യങ്ങൾ അറിയുവാനും അനുഭവിക്കുവാനും ഉള്ള ആഗ്രഹവും കൗതുകവും കുട്ടികളിൽ കൗമാരപ്രായമെത്തുന്നതോടു കൂടി വർദ്ധിക്കുന്നു. ചെയ്യരുത്, തൊടരുത്, കാണരുത് തുടങ്ങി മുതിർന്നവർ വിലക്കിയിരുന്ന പലതും ചെയ്യുവാനും പ്രവർത്തിക്കുവാനും കുട്ടികൾ മുതിരുന്നു. കൗതുകത്തിനു വേണ്ടി ആരംഭിച്ച പലതും പിന്നീടൊരിക്കലും കരകയറാൻ സാധിക്കാത്ത രീതിയിൽ അവരെ അടിമപ്പെടുത്തുന്നു.പല കുട്ടികളും മദ്യത്തിനും മയക്കുമരുന്നിനും നീലച്ചിത്രങ്ങൾക്കും അടിമപ്പെടുന്നത് ഇങ്ങനെയാണ്. അറിയാനും അനുഭവിക്കാനുമുള്ള കുട്ടികളുടെ കൗതുകം നിത്യ നാശത്തിലേക്കാണ് എത്തിക്കുന്നത് എന്നുള്ള സത്യം വളരെ വൈകി ആയിരിക്കും പലരും മനസ്സിലാക്കുന്നുത്.

മദ്യവും മറ്റു ലഹരി വസ്തുക്കളും എങ്ങനെയാണ് ഒരു വ്യക്തിയിൽ പ്രവർത്തിക്കന്നത് ? ചെറിയ അളവിൽ മദ്യപിക്കുവാൻ ആരംഭിക്കുമ്പോൾ അത് തലച്ചോറിലെ ലിംബിക് സിസ്റ്റത്തെ ഉത്തേജിപ്പിക്കുകയും പ്രത്യേക ഉന്മാദാവസ്ഥയിലേക്ക് ആ വ്യക്തിയെ എത്തിക്കുകയും ചെയ്യുന്നു. വീണ്ടും മദ്യപിക്കുമ്പോൾ ഉന്മാദാവസ്ഥയിൽ എത്തണം എങ്കിൽ ആ വ്യക്തിക്കു കൂടുതൽ അളവിൽ മദ്യം ആവശ്യമായി വരുന്നു. ഈ ഉന്മാദാവസ്ഥ ലഭിക്കുവാൻ ഓരോ തവണയും കുടുതൽ മദ്യം ഉപയോഗിക്കേണ്ടതായി വരുന്നു.അങ്ങനെ ചെറിയ തോതിൽ ആരംഭിച്ച മദ്യപാനം നിയന്ത്രണാതീതമായി മാറുന്നു .

കൂടുതൽ അളവിൽ മദ്യപിക്കാൻ ആരംഭിക്കുമ്പോൾ അത് തലച്ചോറിലെ ന്യൂറോ ട്രാൻസ്മിറ്ററുകളിലൊന്നായ ഗ്ലൂട്ടാമേറ്റിന്റെ പ്രവർത്തനത്തെ ബാധിക്കുകയും, തൽഫലമായി യുക്തിപരമായി ചിന്തിക്കുവാനുള്ള, സ്വയം നിയന്ത്രിക്കുവാനുള്ള കഴിവു നഷ്ടപ്പെടുകയും ചെയ്യുന്നു. ഓർക്കുവാൻ ഇഷ്ടമില്ലാത്ത യാഥാർത്ഥ്യങ്ങളും, ജീവിതത്തിലെ പ്രശ്നങ്ങളും ഒക്കെ മറന്നു ഒരു ഉന്മാദാവസ്ഥയിലേക്ക് മദ്യം ആ വ്യക്തിയെ എത്തിക്കുന്നു.

നൈമിഷികമായ ഈ സന്തോഷത്തിനു വേണ്ടിയാണ് മനുഷ്യൻ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് .

ഒരു കാലത്തു മുതിർന്നവരിൽ മാത്രം കണ്ട് വന്നിരുന്ന മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും ഒക്കെ ഇന്ന് ചെറിയ കുട്ടികളിൽ മുതലേ കണ്ടു വരുന്നു.ലിംഗവത്യാസമില്ലാതെ നിരവധി ആൺകുട്ടികളും പെൺകുട്ടികളും ഇതിനു അടിമകളായി തീർന്നുകൊണ്ടിരിക്കുന്നു.

കൗമാരക്കാർ ലഹരിക്ക് എങ്ങനെയാണ് അടിമപ്പെടുന്നത് എന്ന് ചൂണ്ടിക്കാണിക്കാം.

സമാധാനം ഇല്ലാത്ത കുടുംബാന്തരീക്ഷം പല കുഞ്ഞുങ്ങളെയും ലഹരിയിലേക്ക് നയിക്കുന്നു. മദ്യപാനിയായ പിതാവുള്ള കുടുംബത്തിൽ ജനിക്കുന്ന കുട്ടികൾ മദ്യപാനികളാകുവാനുള്ള സാദ്ധ്യത വളരെ കൂടുതലാണന്ന് പഠനങ്ങൾ തെളിയിക്കുന്നു. നമ്മുടെ സമൂഹത്തിലെ എല്ലാ ചടങ്ങുകളിലെയും അവിഭാജ്യ ഘടകങ്ങളിലൊന്നായി മദ്യം മാറിയിരിക്കുന്നു. സൽക്കാരങ്ങളുടെ ഭാഗമായി മദ്യം നൽകുമ്പോൾ വേണ്ട എന്നു പറഞ്ഞു നിരസിക്കുവാൻ മാതാപിതാക്കന്മാർ മാതൃക കാട്ടിയാൽ അത് കൗമാരക്കാർക്ക് തീർച്ചയായും ഒരു പാഠമായിരിക്കും.

താൻ പ്രായപൂർത്തിയായെന്നും, പുരുഷൻ ആയെന്നും മറ്റുള്ളവരെ അറിയിക്കുവാൻ വേണ്ടിയുള്ള ഒരു ഉപാധിയായി പല കൗമാരക്കാരും മദ്യപാനം ആരംഭിക്കുന്നു.

കൂട്ടുകാരുടെ നിരന്തര സമ്മർദ്ദവും മദ്യപിച്ചില്ലെങ്കിൽ ആണത്തം ഇല്ലാത്തവനാണന്നുള്ള കളിയാക്കലും കാരണം മദ്യവും ലഹരി വസ്തുക്കളും ഉപയോഗിക്കുവാൻ തുടങ്ങിയ കുട്ടികളെയും നമ്മുടെ സമൂഹത്തിൽ കാണുവാൻ സാധിക്കും.

പ്രശ്നങ്ങളിൽ നിന്നുമുള്ള ഒളിച്ചോട്ടമായി പലരും ലഹരിയെ കരുതുന്നു.

അപ്രതീക്ഷിതമായി ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങളെ (ഉറ്റവരുടെ മരണം, പ്രേമനൈരാശ്യങ്ങൾ, കടബാദ്ധ്യതകൾ, മാനക്കേടുകൾ, വിദ്യാഭ്യാസത്തിലെ തോൽവികൾ, തൊഴിലില്ലായ്മ ഇങ്ങനെ നൂറു നൂറു പ്രശ്നങ്ങൾ), അഭിമുഖീകരിക്കുവാൻ കഴിയാതെ പലരും നൈമിഷിക സന്തോഷം തരുന്ന ലഹരികളുടെ പിന്നാലെ പായുന്നു.

ടെലിഫിലിമുകൾ, സീരിയലുകൾ, സിനിമകൾ പൈങ്കിളി സാഹത്യങ്ങളിലെ നീണ്ടകഥകൾ ,പരസ്യങ്ങൾ ഇങ്ങനെ മാദ്ധ്യമങ്ങൾ കുട്ടികളിൽ ചെലത്തുന്ന സ്വാധീനവും വളരെ വലുതാണ് .

അർബുദം പോലെ ഇന്നത്തെ കൗമാരക്കാരെ കാർന്നുതിന്നുന്ന മഹാവിപത്താണ് ലഹരി വസ്തുക്കളുടെ ഉപയോഗം .

കൗമാരക്കാർ പലരും അപകട സാദ്ധ്യത വളരെ കൂടുതലുള്ള പാപത്തിന്റെ വഴിയിലൂടെയാണ് യാത്ര ചെയ്യുന്നത്. മാനസീകാരോഗ്യ പ്രശ്നങ്ങൾ ,പെരുമാറ്റ വൈകല്യങ്ങൾ, ആത്മഹത്യ ചിന്തകൾ പലരിലും പ്രകടമായി വെളിപ്പെട്ടിരിക്കുന്നു.

തങ്ങളുടെ പൊന്നോമന മക്കൾ മദ്യമോ, മയക്കുമരുന്നോ ഉപയോഗിക്കുന്നു എന്നുള്ള അറിവു ഏത് മാതാപിതാക്കളെയും ഞെട്ടിക്കുന്നതാണ്. താഴെ പറയുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. അവരുടെ വസ്ത്രത്തിലോ, ശ്വാസോഛ്വാസത്തിലോ പ്രത്യേക മണമുണ്ടങ്കിൽ,

ബാഗിലോ പോക്കറ്റിലോ ഏതെങ്കിലും പരിചയമില്ലാത്ത മരുന്നുകളുടെ പാക്കറ്റുകൾ കണ്ടാൽ, കൂടെക്കൂടെ പണം ചോദിക്കുക, വീട്ടിൽ നിന്നു പണമോ മറ്റു വസ്തുക്കളോ തുടർച്ചയായി കളവുപോകുന്നുവെങ്കിൽ, എപ്പോഴും ഉറക്കം വരുന്നത് പോലെയുള്ള മുഖഭാവം, വിഷാദം, ചിലപ്പോൾ അക്രമാസക്തമാവുക, ഇങ്ങനെയുള്ള കാര്യങ്ങൾ നിരീക്ഷിക്കുക. മക്കൾ ലഹരിക്ക് അടിമപ്പെട്ടു എന്ന് മനസ്സിലാക്കിയാൽ അവരെ അടിച്ചതുകൊണ്ടോ വഴക്കു പറഞ്ഞതുകൊണ്ടോ വലിയ പ്രയോജനം ഉണ്ടാകുന്നില്ല.

ആവശ്യമായ മാനസിക, വൈകാരിക സ്വാന്തനം പ്രയോജനം ചെയ്യും, കഴിഞ്ഞകാല വീഴ്ചകൾ, കള്ളത്തരങ്ങൾ, മറുതലിപ്പ് ഇതൊന്നും എടുത്തു പറഞ്ഞു കുറ്റബോധം കൂട്ടുന്നതും പ്രയോജനം ചെയ്യില്ല. വർത്തമാനകാലവും, ഭാവികാലവും ആണ് പ്രധാനം.

ഭവനത്തിൽ താൻ വിലയുള്ളവനാണന്നുള്ള ഉൾക്കാഴ്ച ലഭ്യമാക്കുവാൻ പരിശ്രമിക്കണം .എല്ലാത്തിനും ഉപരിയായി പാപത്തിന്റെ കെട്ടുകൾ അറുത്തു മാറ്റുന്ന ക്രിസ്തുവിലേക്ക്, ആത്മീക ജീവനിലേക്ക് നടത്തുവാൻ പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യുക.



# കൃപയാൽ മതിലുകൾ പണിയുക



മിൽട്ടൺ സണ്ണി

തിരുവചനത്തിൽ നെഹെമ്യാവു അദ്ധ്യായം രണ്ടിൽ ഇങ്ങനെ കാണുന്നു. 'സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്കു കാര്യം സാധിപ്പിക്കും; ആകയാൽ അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റു പണിയും'. ദൈവ മക്കൾ ആകുന്ന നാമോരോരുത്തരും കൃപയാൽ എഴുന്നേറ്റ് നമ്മുടെ ജനത്തിനും, നമ്മുടെ അവകാശങ്ങൾക്കും, ദേശത്തിനും, പട്ടണത്തിനും, രാജ്യത്തിനുമായി മതിലുകൾ പണിയുക. ഉറപ്പുള്ള മതിലുകൾ ശത്രുവായ സാത്താനെ തടയുന്നു. അവന്റെ പദ്ധതികളെ തകർക്കുന്നു.

ഇന്ത്യയിലെ ദൈവ സഭ എഴുന്നേൽക്കണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദൈവ സഭ ഉണർന്നു പ്രവർത്തിക്കേണ്ടത് ഏറ്റവും അത്യാവശ്യം ആകുന്നു. ഇന്ന് സോഷ്യൽ മീഡിയയിൽ ദൈവ ദാസന്മാർ ചിലപ്പോഴൊക്കെ പരസ്പരം ചെളി വാരിയെറിയുന്നതും, കുറ്റം വിധിക്കുന്നതും കാണുമ്പോൾ നാം അറിയുന്നില്ല ശത്രുവായ സാത്താൻ പിടി മുറുക്കുന്നതും, നമ്മുടെ മതിലുകൾക്ക് വിള്ളലുകൾ വരുന്ന കാര്യവും. അന്തഃഛിദ്രമുള്ള ഭവനത്തിന്റെ സ്ഥിതി എന്താണ് എന്ന് ചിന്തിച്ചാട്ടെ. ആത്മാക്കളെ കൃപയാൽ ശോധന ചെയ്യുക. എന്നാൽ മനുഷ്യരെ വിധിക്കാതെയും ഇരിക്കുക.

കൃപയാൽ മാത്രം നീതീകരിക്കപ്പെട്ടു ദൈവ സഭയിൽ കൂട്ടി ചേർക്കപ്പെട്ട നാം മറ്റുള്ളവരെ കുറ്റം വിധിക്കുന്നത് എന്ത് അടിസ്ഥാനത്തിൽ ആണെന്ന് ഓരോരുത്തനും ചിന്തിക്കട്ടെ. നമ്മിൽ കുറവുകൾ ഇല്ലാത്ത മനുഷ്യരില്ലല്ലോ. ഒരു പക്ഷെ നാം വിധിക്കാൻ തീരുമാനിക്കുന്ന വ്യക്തിയുടെ കുറ്റങ്ങൾ നാം ചെയ്യുന്നില്ല എന്ന് വന്നേക്കാം. എന്നാൽ നാം പൂർണരായിട്ടില്ല. നാം ആ വ്യക്തി ചെയ്യാത്ത മറ്റൊരു കുറ്റം ആയിരിക്കാം അറിയാതെ ചെയ്യുന്നത്. പിന്നെ എങ്ങനെ നാം മറ്റ് വ്യക്തികളെ, ദൈവ ദാസന്മാരെ, ദൈവ മക്കളെ വിധിക്കും, ചെളി വാരിയെറിയും, കുറ്റം പറയും. ഈ വക ജഡീകമായ പ്രവർത്തികൾ കൃപയാൽ ഒഴിവാക്കുക. അതിനാൽ ദൈവ മക്കൾ ഇത് പ്രത്യേകം ശ്രദ്ധിക്കുക. നമ്മുടെ മതിലുകൾ നാം ഇടിച്ചു കളയരുതേ!

നാം ദൈവ മക്കളുടെ മതിലുകൾ, ദൈവ കൃപയുടെ മതിലുകൾ, പ്രാർത്ഥനയുടെ മതിലുകൾ, സത്യ സുവിശേഷത്തിന്റെ മതിലുകൾ, രക്ഷയുടെ മതിലുകൾ, നീതിയുടെ മതിലുകൾ, വിശ്വാസത്തിന്റെ മതിലുകൾ, വിശുദ്ധിയുടെയും വേർപാടിന്റെ മതിലുകൾ, ദൈവ രാജ്യത്തിന്റെ മതിലുകൾ, മുതലായവ നമുക്ക് ചുറ്റും, നമ്മുടെ ഭവനത്തിനും, നമ്മുടെ അവകാശങ്ങൾക്കും, ചാർച്ചക്കാർക്കും, സുഹൃത്തുക്കൾക്കും, നാം ആകുന്ന ചുറ്റുപാടുകളിലും, നാമായിരിക്കുന്ന സമൂഹത്തിലും, ദൈവ സഭക്കും എല്ലാം കൃപയാൽ പണിയേണ്ടത് നമ്മുടെ ഉത്തരവാദിത്തം ആകുന്നു എന്ന് ഓരോരുത്തനും നിശ്ചയിക്കട്ടെ, പ്രവർത്തിക്കട്ടെ.

വിശുദ്ധ ബൈബിളിൽ നെഹെമ്യാവിന്റെ പുസ്തകത്തിൽ നാം കാണുന്നു വിശുദ്ധ നഗരത്തിനു ദൈവജനം ദൈവഹിത പ്രകാരം മതിൽ പണിയുന്നതായി. അത് നമുക്ക് മാതൃക ആക്കാവുന്ന ഒരു കാര്യമാവുന്നു.

കൃപയാൽ എങ്ങനെ നാം മതിൽ പണിയണം ?

നാം മതിൽ പണിയുമ്പോൾ രാജാധി രാജാവായ ദൈവത്തിന്റെ ഹിതപ്രകാരം പണിയണം.

ക്രിസ്തു എന്ന അടിസ്ഥാനത്തിൽ പണിയണം.

ക്രിസ്തുവിനെ ധരിച്ചു കൊണ്ട്, ക്രിസ്തുവിലുള്ള നുകം ചുമന്നു കൊണ്ട് പണിയണം.

പരസ്പരം കൈ താങ്ങണം. വിശുദ്ധ വേദപുസ്തകത്തിൽ പൗലോസ് അപ്പോസ്തോലൻ ഗലാത്യർക്ക് എഴുതിയ ആറാം അദ്ധ്യായത്തിൽ കാണുന്നു

'തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ'.

നമ്മുടെ അവകാശങ്ങൾക്കു വേണ്ടി പണിയണം,

സ്വന്ത ജനത്തിന് വേണ്ടി, ദൈവ രാജ്യത്തിന് വേണ്ടി, ദൈവ സഭക്ക് വേണ്ടി പണിയണം,

അനുദിനം പണിയണം,

നാം കാവൽക്കാരനെ പോലെ ആയിരുന്നു പണിയണം,

അന്തിമ ലക്ഷ്യം എത്തുന്നത് വരെ പണിയണം, ആത്മാവിൽ എരുവുള്ളവരായി ഉത്സാഹത്തോടും ശക്തിയോടും പണിയണം, സാഹചര്യങ്ങൾ അനുകൂലമായാലും പ്രതികൂലമായാലും പണിയണം, കൃത്യതയോടും വ്യക്തതയോടും പണിയിൽ നമ്മുടെ ഭാഗം തീർക്കണം, ദൈവത്തിന്റെ സർവ്വായുധ വർഗം ധരിച്ചു കൊണ്ട് പണിയണം.

മതിൽ പണിതു തീർത്തു കതകുകൾ വെക്കണം.

നാം പണി തീർത്ത മതിലുകൾ ദൈവത്തിനു സമർപ്പിക്കണം.

അതിനാൽ ദൈവ മക്കളെ ദൈവ കൃപയാൽ നാം വരുക, എഴുന്നേൽക്കുക, നമുക്ക് ഒരുമിച്ചു നമ്മുടെ മതിലുകൾ പണിയാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ. ■

## ശാലോം ധ്വനി ബൈബിൾ ക്വിസ്

ശാലോം ധ്വനി ക്രൈസ്തവ പത്രം ഒരുക്കുന്ന ബൈബിൾ ക്വിസ് മത്സരങ്ങൾ ജനുവരി 7 മുതൽ ആരംഭിച്ചു. ദൈവ വചനം വായിക്കുക, പഠിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ ക്വിസ് മത്സരത്തിൽ പ്രായ വ്യത്യാസം കൂടാതെ ഏവർക്കും പങ്കെടുക്കാവുന്നതാണ് .

വ്യത്യസ്തമായ രീതിയിൽ വെബ്സൈറ്റിന്റെ (https://quiz.shalomdhwani.com) സഹായത്തോടെ ക്രമീകരിച്ചിരിക്കുന്ന ക്വിസ് മത്സരം ഉല്പത്തി പുസ്തകം മുതൽ ആരംഭിക്കുന്നതും മത്സരങ്ങൾ തുടർമാനമായി മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

എല്ലാ വെള്ളിയാഴ്ചയും (ഇന്ത്യൻ സമയം) 6 pm ന് ക്വിസ് ചോദ്യങ്ങൾ പ്രാപ്തമാകുകയും, ഞായറാഴ്ച്ച 11:59 ൂാ നു പ്രവർത്തന രഹിതമാകുകയും ചെയ്യും, ഇതിനോടകം ക്വിസ് ചോദ്യങ്ങളുടെ ഉത്തരങ്ങൾ പൂർത്തിയാക്കിയിരിക്കണം

